വാദം കൊടുക്കുകയില്ല. ഒരു വിധത്തിലും പൊതുജനങ്ങൾക്ക് ഉപദ്രവം ഉണ്ടാക്കുന്നതല്ലാ എന്നു കണ്ടാൽ മാത്രമേ ഒരു ഫാക്ടറി സ്ഥാപിക്കാൻ ഗവണ്മെൻറ് അനുവാദം കൊടുക്കുകയുള്ളൂ. ഇതാണ് ഫാക്ടറിയെ സംബന്ധിച്ചുള്ള ഗവണ്മെൻറിൻെറ മനോഭാവം. ബഹു. മി. തമ്പിയുടെ പ്രമേയത്തിനു വിധേയമായ ഫാക്ടറി, സ്ഥാപിച്ചു കിട്ടണമെന്നുള്ള ഒരപേക്ഷ ഗവണ്മെൻറിനു കിട്ടിയിട്ടില്ലാത്തതുകൊണ്ട് പ്രമേയത്തിൽ പറഞ്ഞിരിക്കുന്ന പ്രകൃതിരമണീയമായ ആ സ്ഥലം യഥാവിധി പൊതുജനാസ്വാദ്യകരമായിരിക്കുമെന്നു പ്രസ്താവിച്ചുകൊള്ളുന്നു.

MR .P. BALAKRISHNAN TAMPI: In the light of the statement made by the Prime Minister, I do not press the motion.

LEGISLATIVE BUSINESS.

The Travancore Prevention of Corruption Bill—(*contd.*)

MR. D. PONNAIAH

സർ, ഇപ്പോഴുള്ള നമ്മുടെ സഭയിൽ കൊണ്ടുവന്നിരുക്കുന്ന കൈക്കൂലി, അഴിമതി ഒഴിപ്പുപ്പറ്റിയ ഇന്ത "ബിൽ"ലെ നാൻ ആതരിക്കുന്നേൻ. ഇന്ത വഴക്കമാനതു ഇപ്പോഴുള്ളതുണ്ടാനതല്ല. ഇതൈ മൂലയിലേയിരുക്കിൻറി എതിയാതതാൽ ഇതു ഒരു പെരിയ മരമാകി, പെലമായ് വേരുന്റി അചൈക്ക മുടിയാത ഒരു നിലയിൽ വന്തിരുക്കിറതു. ആകൈയാൽ നാം ഇതർകു ഇപ്പോഴുള്ളതു എന്ന സെയ്യവേണ്ടിയതു എൻപതു, നാം കവനിക്കവേണ്ടിയ വിഷയം. മുൻ കാലത്തിൽ പോലീസ് ഇലാകാവിലും, എക്സൈസ് ഇലാകാവിലും താൻ, ഇന്ത ലഞ്ചം വാങ്കുൻ വഴക്കം ഇരുന്തതു. അതിലും പോലീസ് ഇലാകാവിലുള്ള താഴ്ന്ത ഉത്തിയോകസ്തർകൾ തങ്കൾ കാലത്തൈത് തള്ളുവതർകുപ് പോതാത വരുമാനം ഉടൈയവർകളായ് ഇരുന്തതാൽ അവർകൾ, എപ്പൊഴുതു സന്തർപ്പം കിടൈക്കിറതോ അപ്പൊഴുതു അവർകൾ അതൈ വാങ്കി കാലം തള്ളിവന്തിർകൾ. ആനാൽ തർസമയത്തിലോ അവർകളൈവിട പെരിയ ഉത്തിയോകസ്തർകളും, താഴ്ന്ത ഉത്തിയോകങ്കളിൽ ഉള്ളവർകളും, അതാവതു, തോട്ടി മുതൽ തൊണ്ടമാൻ വരൈയിലും ഉള്ള എല്ലാ ഉത്തിയോകസ്തർകളും കൈക്കൂലി വാങ്കുൻ വഴക്കത്തൈ എർപടുത്തിക്കൊണ്ടാർകൾ. ഇതിൽ എല്ലാ ഉത്തിയോകസ്തർകളും—ഇതി ഒന്റിരണ്ടു ഉണ്മൈയാന ഉത്തിയോകസ്തർകളും - ഇരുക്കിറ്റാർകൾ. ആനാൽ നേർമൈയാകവും, സത്തിയമാകവും, തങ്കളുടൈയ ഉത്തിയോകങ്കളൈ സെയ്താലും, അവർകളിൻ പേരിൽ, നമ്പിക്കൈ ഇല്ലാമലും, കൈക്കൂലി വാങ്കുൻ ഉത്തിയോകസ്തർകൾ കെട്ടിക്കാരർകൾ, എൻറ പെയരൈ എടുത്തുക് കൊണ്ടുമിരുക്കിറ്റാർകൾ. ഇതിൽ ഇൻനൊരു വിഷയത്തൈ നാൻ തെരിവിക്കലാമെൻറു നിനൈക്കിറേൻ. മാർകഴി മാതം 11-ാംതേതി, സുചിന്തിരം ലെട്ചുമി ടാക്കീസിൽ, ഇവ് പത്തുമണിക്കു ഒരു കത്തിക്കുത്തു കേസ് നടന്തതു. അതുചംപന്തമാക അന്ത ആളൈ ലൈൻറൽ ആസ്പത്തിരിക്കുക് കൊണ്ടുപോക, മാർകഴിമാതം 29 ാംതേതി അവർ ഇറന്തുപോനാർ. അന്ത വിഷയത്തിറ്കുപ്പിൻ അതു എന്നവായിറ്റു എൻറു

LIBRARY ARCHIVES Kerala Legislative Assembly

தெரியவில்லை. அதைப்பற்றி விசாரித்ததில், அவர்கள் ஏதோ சில சரை கைதியாக்கினதாகவும், அவர்களிடமிருந்து மொழி வாங்கிவிட்டு, கடைசியில் அவர்களை ஜாமீனில் விட்டதாகவும் செய்தி வெளியாகியது. இதில் ஏதோ ஊழல்களும் கைச்கூலியும் தாண்டவமாடுகிறதாகக் கேள்வி இருக்கிறது. இதைப்பற்றி வாதி பக்கத்தில், கத்திக்குத்து கொண்டவர்கள், சிரத்தை எடுக்க சாத்தியம் இல்லாத எழைகளாகவும், லஞ்சம் கொடுக்க முடியாதவர்களாகவும் இருப்பதால் இந்த கேஸைப்பற்றி கவனியாமல் இருக்கிறார்கள். இது மாதிரி, இந்த கொலைக் கேஸை கைக்கூலி வாங்கி விட்டுவிட்டால், இந்த உலகில் இருப்பது மிகவும் கஷ்டமான காரியமாகும். ஆகையினால் இதைப்பற்றி மந்திரிமார்கள், அதிக சிரத்தை எடுக்கும்படி கேட்டுக்கொள்கிறேன். அதோடுகூடி கருஞ்சந்தையும் தாண்டவமாடுகிறது. கருஞ்சந்தையைக் கையாளுவது எளியவர்களல்ல. பெரிய பணக்காரக்கும்பல்களும், பெரிய உத்தியோகஸ்தர்களுந்தான் அதைக் கையாண்டுவருகிறார்கள். இதில் முக்கியமாக சர்க்கார் தலையிட்டு உண்மையைக்கண்டுபிடித்தது அந்த நபரைப் பிடித்து,குற்றவாளியென்று கண்டால் அவரை சரியான முறையில், ஒரு பெரிய மைதானத்திலோ, சந்தியிலோ, நாலுத்தி முக்காலியில் கட்டி அடித்து, அவர் சொத்துக்களைப் பறிமுதல் செய்து, தகுந்த சிட்சை கொடுக்கிறதாலல், இந்தக் கருஞ்சந்தை, லஞ்சம், முதலிய எல்லாப் பழக்கங்களும் நின்றுவிடுவது நிச்சயம். ஆகையினால் நமது ஜனநாயக சர்க்கார் இந்த "பில்"லை எவ்வளவு சீக்கிரத்தில் நடப்பில் கொண்டுவந்து முடிக்கமுடியுமோ, அவ்வளவு சீக்கிரத்தில் முடிக்கும்படி நான் கேட்டுக்கொள்ளுகிறேன்.

MR. EAPEN ARAKKAL : സർ, ഞാൻ ഈ അഴിമതി നിരോധന ബില്ലിന്റെ തത്വത്തോട് അനുകൂലിക്കുന്നു. അനുകൂലിച്ചുകൊണ്ട് ഏതാനും സംഗതികൾ ഗവണ്മെൻറിന്റെ സത്വരശ്രദ്ധക്ക് വിഷയീഭവിപ്പിക്കാമെന്നു വിചാരിക്കുന്നു. ഈ രാജ്യത്തെ പല ഡിപ്പാർട്ടുമെൻറുകളിലും അഴിമതികളും കൈക്കൂലികളും നാൾക്കുനാൾ വർദ്ധിച്ചുകൊണ്ടുതന്നെയിരിക്കുന്നു. സാധാരണക്കാരായ ജനങ്ങൾക്കാണ് ഇതു കൊണ്ട് കൂടുതൽ കഷ്ടനഷ്ടങ്ങൾ സംഭവിക്കുന്നതു്. താലൂക്കുകച്ചേരി, രജിസ്റ്റർ കച്ചേരി, പോലീസ് സ്റ്റേഷൻ, ആശുപത്രികൾ ഈവക സ്ഥാപനങ്ങളിൽ കൈക്കൂലി കൊടുക്കാതെ യാതൊരു കാര്യവും സാധിക്കുകയില്ല. ആശുപത്രികളിൽ സാധുക്കളായ രോഗികളിൽനിന്നും കമ്പൗണ്ടർ, നേഴ്സ്, ഡാക്ടർ ഇങ്ങനെയുള്ള ആളുകൾ കൈമടക്കുവാങ്ങിക്കാതെ രോഗിക്ക് മരുന്നു കൊടുക്കുകയോ ശുശ്രൂഷകൾ ചെയ്കയോ ചെയ്കയില്ലെന്നുള്ളതു് നമുക്കെല്ലാവർക്കും അനുഭവത്തിൽ അറിയാവുന്ന സംഗതികളാണ്. ഈ ബില്ലിലെ നിർദ്ദേശപ്രകാരം, കൈക്കൂലി വാങ്ങിക്കുന്ന ഉദ്യോഗസ്ഥന്റെ പേരിൽ പരാതികൊടുക്കണമെന്നുണ്ടെങ്കിൽ ഒരു

LIBRARY ARCHIVES Kerala Legislative Assembly

പോലീസ് ഉദ്യോഗസ്ഥന്റെ റിപ്പോർട്ടനു സരിച്ചേ പാടുള്ളൂ എന്നാണു്. എന്നാൽ അഴിമതികളെപ്പറ്റി പരിഹാരം ഉണ്ടാക്കുന്നതിനായി ഒരു സാധാരണക്കാരൻ പോലീസിനെ ശരണം പ്രാപിക്കുകയാണെങ്കിൽ തന്നെ അവിടെയും കൈക്കൂലികൊടുത്താലല്ലെങ്കിൽ കാര്യം നടപ്പില്ല. നേരെ മറിച്ചു് പ്രാബല്യവും പണശേഷിയുമുള്ള ഒരാൾ ഒരു പരാതിയും കൊണ്ടു് ഇപ്രകാരം ഒരു പോലീസ് ഓഫീസറെ സമീപിച്ചാൽ ആ കാര്യത്തിൽ ഓഫീസർ ഗൗനിക്കും. നമുക്കു വേണ്ടതു് പ്രധാനമായിട്ടുള്ളതു് അഴിമതിയിൽനിന്നും, കൈക്കൂലിയിൽ നിന്നും സാമാന്യജനങ്ങളെ രക്ഷിക്കണമെന്നുള്ളതാണു്. അതിലേക്കു വേണം നാം ഒരു നിയമം ഉണ്ടാക്കുന്നതിനായിട്ടു് ശ്രമിക്കേണ്ടതു്. ഒരു സാധാരണക്കാരൻ പരാതിക്കാരനായി ചെന്നാൽ പോലീസ് ഇൻസ്പെക്ടരെ സമീപിക്കാനും അദ്ദേഹത്തിനെകൊണ്ടു റിപ്പോർട്ടു ചെയ്യിക്കാനും. ആ റിപ്പോർട്ടിന്മേൽ അഴിമതിനിരോധനകമ്മീഷൻ സർട്ടിഫൈചെയ്യാനും, ഇതൊക്കെ കഴിഞ്ഞിട്ടു് ഇതിനെപ്പറ്റി കോടതിയിൽ ഒരു കേസ് കൊടുക്കുക എന്നു വരുന്നതു് വളരെ വിഷമകരമായ ഒരവസ്ഥയാണു്. അതുകൊണ്ടു് നമുക്കു് ഈ അഴിമതികളെ നിരോധിക്കുവാൻ തക്കവണ്ണം സച്ചരിത്രശുദ്ധിയും സംസ്കാരവുമുള്ള ഏതാനും അന്യോഗസ്ഥന്മാർ അടങ്ങിയ ഒരു കമ്മിറ്റിയാണു് ആവശ്യം. ആ കമ്മിറ്റിയെ തിരുവിതാംകൂറിൽ ഓരോ താലൂക്കിലോ അല്ലെങ്കിൽ ഓരോ ഡിവിഷനിലോ വീതം നിയമിച്ചു് അവരുടെ റിപ്പോർട്ടിന്മേൽ വേണം നടപടിയെടുക്കേണ്ടതു്. അന്യോഗസ്ഥന്മാരടങ്ങിയ ഈ കമ്മിറ്റിയിൽ ഒരു സാധാരണക്കാരനെപ്പോലും അവന്റെ പരാതിയെ മുഖാവിൽ ബോധിപ്പിക്കുവാനുള്ള സൗകര്യവും പരിസരവും ലഭിക്കുന്നതാണു്. അഴിമതിനിരോധനത്തിനുവേണ്ടി ഇപ്രകാരമുള്ള ഒരു കമ്മിറ്റിയെ നിയമിക്കുന്നതിനുള്ള ഒരു നിർദ്ദേശംകൂടി ബില്ലിൽ ഉൾപ്പെടുത്തിയിരുന്നുവെങ്കിൽ ഈ ബില്ലിനു് കൂടുതൽ മേന്മ ഉണ്ടായിരിക്കുമായിരുന്നു. ജനങ്ങളാൽ തിരഞ്ഞെടുക്കപ്പെട്ടിരുന്ന നമ്മുടെ രാജ്യത്തെ ജനകീയപ്രതിനിധ്യമുള്ള അന്യോഗസ്ഥന്മാരുടെ ഒരു കമ്മിറ്റിയാണാവശ്യം.

LIBRARY ARCHIVES Kerala Legislative Assembly

[Mr. Eapen Arakkal]

ജനായത്തസിദ്ധാന്തങ്ങളെ അടിസ്ഥാനപ്പെടുത്തി ഭരണം നടത്തുന്ന ഒരു ഗവണ്മെൻറ് നിലവിലിരിക്കുമ്പോൾ സാധാരണക്കാർക്ക് വിഷമംകൂടാതെ പരാതി കൊടുക്കുന്നതിനും നിവേദനങ്ങൾ കൊടുക്കുന്നതിനും സൗകര്യമുണ്ടാകുന്നതായാൽ ഈ ബില്ലിൻെറ പ്രവർത്തനോദ്ദേശം വളരെ കൂടുതൽ ഫലപ്രദമാക്കാൻ കഴിയുമെന്നാണ് എനിക്ക് പറയാനുള്ളത്. കൈക്കൂലിവാങ്ങുന്നതിനേയും വാങ്ങാനുദ്ദേശിക്കുന്നതിനേയും തടയണമെന്നുള്ള ഉദ്ദേശത്തോടുകൂടിയാണ് ഈ ബില്ലുണ്ടാക്കിയിട്ടുള്ളതെന്നാണ് ഇതിൽ പറഞ്ഞിരിക്കുന്നത്. അങ്ങനെയാണെങ്കിൽ കൈക്കൂലി കിട്ടാത്തതുകൊണ്ട് ഒരു ഉദ്യോഗസ്ഥൻ നിയമപ്രകാരം ന്യായമായി ചെയ്തുകൊടുക്കേണ്ട ഒരു കാര്യം ശരിയായി സമയത്തു ചെയ്തുകൊടുക്കാതെ ഉദാസീനത പ്രദർശിപ്പിക്കുന്നതായാൽ അതുകൂടി ശിക്ഷാർഹമായ ഒരു കുറ്റമാക്കിത്തീർക്കേണ്ടതു് അത്യാവശ്യമാണ്. ഒരു പൊലീസ് ഉദ്യോഗസ്ഥനോ അല്ലെങ്കിൽ ഡാക്ടരോ നിയമപ്രകാരം ഒരു പൗരനു ചെയ്തുകൊടുക്കേണ്ട സേവനം കൈക്കൂലികിട്ടാത്തതുകൊണ്ട് ശരിയായി ചെയ്യാതെ ഉദാസീനത പ്രദർശിപ്പിക്കുന്നതു് പലപ്പോഴും നമുക്ക് കാണാൻ കഴിയുന്ന ഒരു പരമാർത്ഥമാണ്. അതും ഒരു കുറ്റകൃത്യമായി പരിഗണിച്ച് നടപടികളും നടത്തുന്നതിനു് ഉതകത്തക്ക വ്യവസ്ഥകളും ഈ ബില്ലിൽ ഉൾപ്പെടുത്തിയിരുന്നെങ്കിൽ ബില്ലിൻെറ വൈശിഷ്ട്യം വളരെ കൂടുമായിരുന്നുവെന്നാണ് എൻെറ അഭിപ്രായം. പീനൽകോഡിലെ ക്ലോസും ക്ലോസും വകുപ്പുപ്രകാരമുള്ള കുറ്റങ്ങളുടെ തെളിവുഭാരം ലഘൂകരിക്കുന്നതിനും ഒരുദ്യോഗസ്ഥൻ അയാളുടേയൊ അയാളുടെ ബന്ധുക്കളുടേയൊ പേരിൽ വസ്തുക്കൾ സമ്പാദിക്കുന്നതു് അയാളുടെ ന്യായമായ വരവിനു് അനുയോജ്യമല്ലാതിരുന്നാൽ അതു് അഴിമതിക്കുറ്റത്തിനു് തെളിവായി എടുക്കുന്നതിനും ഈ ബില്ലിൽ വ്യവസ്ഥയുണ്ട്. എന്നാൽ അങ്ങനെ വരവിനു അനുയോജ്യമല്ലാതെ വസ്തുസമ്പാദിച്ചിട്ടുണ്ടെന്നു് presume ചെയ്യുന്നതു് കോടതിയിൽ വിസ്താരത്തിലിരിക്കുന്ന കേസുകളെപ്പറ്റിമാത്രമായിരിക്കും എന്നാണ് ഇതിലെ വ്യവസ്ഥ. പക്ഷേ സാധാരണഗതിയിൽ തന്നെ വരവിനനുസരണമല്ലാത്ത വസ്തു സമ്പാദനം അഴിമതിയുടെ ലക്ഷണമായി കണക്കാക്കത്തക്കവണ്ണം വ്യവസ്ഥകൾ ക്രമീകരിക്കുകയാൽ ഈ ബില്ല് കുറെക്കൂടി ഫലപ്രദമായിരിക്കുമെന്നാണ് എനിക്ക് പറയാനുള്ളതു്. ഞാൻ നേരത്തെ പറഞ്ഞതു

LIBRARY ARCHIVES Kerala Legislative Assembly

പോലെ ഒരു ജനകീയഗവണ്മെൻറ് നിലവിലിരിക്കുമ്പോൾ രാജ്യത്തിൻറെ നാനാഭാഗങ്ങളിലും, ഓരോ ഡിവിഷനിലും താലൂക്കിലും കമ്മിറ്റികൾ രൂപീകരിച്ച് കൈക്കൂലിയേയും അഴിമതിയേയും പറ്റി അന്വേഷണം നടത്തുന്നതിന് അധികാരപ്പെടുത്തുകയും സുഗമമായി പരാതികൾ കൊടുക്കുന്നതിനും നിവേദനങ്ങൾ നടത്തുന്നതിനും സൗകര്യമുണ്ടായിരിക്കത്തക്ക വ്യവസ്ഥകൾ ഈ ബില്ലിൽ ഉൾപ്പെടുത്തുകയും ചെയ്താൽ നാം ആഗ്രഹിക്കുന്നതുപോലെയുള്ള പ്രയോജനം ഈ ബില്ലു കൊണ്ടുണ്ടാകുമെന്ന് പ്രസ്താവിച്ചുകൊണ്ട് ഞാൻ അവസാനിപ്പിച്ചു കൊള്ളുന്നു.

MR. MANNAR GOPALAN NAIR: സർ, ഈ ബില്ലിൽ എന്തെങ്കിലും തത്വമുണ്ടെങ്കിൽ അതിനോട് ഞാൻ യോജിക്കുന്നു. ഈ രാജ്യത്തു വാർദ്ധമനമായിവരുന്ന കയ്ക്കൂലിയേയും അഴിമതിയേയും ഒരു ഇരുമ്പുമുഷ്ടിപ്രയോഗം കൊണ്ടുതന്നെ അടിച്ചമർത്തേണ്ടതു അത്യന്താപേക്ഷിതമായ ഒരു സംഗതിയാണു. കയ്ക്കൂലിയും അഴിമതിയും ഉദ്യോഗസ്ഥന്മാരുടെയിടയിൽ വളരെ വളരെ വർദ്ധിച്ചുവരുന്നുണ്ടെന്നു നിസ്സംശയം പറയാം. ഈ ബില്ലിൻറെ ഒരു വകുപ്പനുസരിച്ച് പബ്ലിക്കുസർവ്വൻറു എന്നതിന് കൊടുത്തിരിക്കുന്ന വ്യാഖ്യാനം ഇ ഠ കൊല്ലങ്ങൾക്കുമുമ്പു നിയമമായിത്തീർന്നിട്ടുള്ള തിരുവിതാംകൂർ പീനൽകോഡിൻറെ ക ഉ-ാം വകുപ്പിൽ വിവരിക്കുന്നതാണ്. പബ്ലിക്കുസർവ്വൻറ് എന്നതിൻറെ വ്യാഖ്യാനം പീനൽകോഡിൻറെ ക ഉ-ാം വകുപ്പിൻറെ വ്യാപ്തിയിൽപ്പെട്ടതു മാത്രമാണെന്നുവന്നാൽ വളരെ വൈഷമ്യമേറിയ പല പ്രശ്നങ്ങളേയും നമുക്കു തരണംചെയ്യേണ്ടിവരും. ഈ ബില്ലിൽ നിന്നും മനസിലാക്കേണ്ടതു് സർക്കാരുദ്യോഗസ്ഥന്മാരെ മാത്രമേ ഈ ബില്ലിലെ വ്യവസ്ഥകൾ ബാധിക്കുകയുള്ളുവെന്നാണു. അഥവാ സാധാരണക്കാർക്കു അങ്ങിനെ മനസിലാക്കാനെ നിർവാഹമുള്ളൂ. പബ്ലിക്കുസർവൻറു എന്നുള്ളതിൻറെ വ്യാഖ്യാനം ഈ ബില്ലിൽ ഇല്ല. പീനൽകോഡിനെ ആശ്രയിക്കാതെ അതിൻറെ ഒരു ശരിയായ വ്യാഖ്യാനം ഈ ബില്ലിൽ തന്നെ കൊടുക്കേണ്ടതായിരുന്നു ഇ ഠ കൊല്ലത്തിനുമുമ്പുണ്ടാക്കിയ പീനൽകോഡിൻറെ വ്യാപ്തിയിൽ നിന്നും. സംഗതിതാനും ഇന്നുവളരെ മുമ്പോട്ടു പോയിട്ടുണ്ടു്. അതിൻറെ ഫലമായി പബ്ലിക്കുസർവൻറ് എന്നതിൻറെ വ്യാപ്തിയും വളരെ വർദ്ധിച്ചിട്ടുണ്ടു്. സർക്കാർ ഉദ്യോഗസ്ഥന്മാരെ മാത്രമല്ല അനുദ്യോ

LIBRARY ARCHIVES Kerala Legislative Assembly

[Mr. Mannar Gopalan Nair.]

ഗസ്ഥന്മാരെപ്പോലും ഉൾക്കൊള്ളത്തക്കവിധത്തിൽ ഒരു നിയമമുണ്ടാക്കി പരിഹാരമുണ്ടാക്കേണ്ടതായ ഒരു മഹാപ്രശ്നമായിട്ടാണ് കയ്ക്കൂലിയും അഴിമതിയും നമ്മുടെ രാജ്യത്തു നിലകൊള്ളുന്നതു്. നിയമസഭാമെമ്പറന്മാരെപ്പോലും ഉൾകൊള്ളുന്നതായ ഒരു വ്യാപ്തി പീനൽ കോഡിലെ ഫ @ ാം വകുപ്പിനുണ്ടെന്നു ഞാൻ സമ്മതിക്കുന്നു. എന്നാൽ അക്കൂട്ടത്തിലെങ്ങുംപെടാത്ത ചിലർക്കൂടി ഉണ്ടു്. അവരെ യാതനക്കാരെന്നു പറയാം. ഗവണ്മെറിനേയും ഗവണ്മെൻറുദ്യോഗസ്ഥന്മാരേയും അലട്ടി എത്രമാത്രം കൈയ്ക്കൂലിക്കും അഴിമതിക്കും അവരെ നിർബ്ബന്ധിച്ചു വിധേയരാക്കിയിട്ടുണ്ടെന്നുള്ളതു പരക്കെ അറിയാവുന്ന ഒരു കാര്യമാണു്. അങ്ങിനെയുള്ളവരെക്കൂടി ഈ ബില്ലിൽ ഉൾപ്പെടുത്തേണ്ടതുആവശ്യമാണു്. മദയാനയെ മണ്ണുവരിയിട്ടു തടുക്കാൻ സാധ്യമല്ല. ഒഴുകിവരുന്നമലവെള്ളത്തെമണ്ണാൻകുട്ടയിട്ടുതടുക്കാൻ ഒക്കുകയില്ല. അതുകൊണ്ടു ഈ അഴിമതിയും കൈയ്ക്കൂലിയും അവസാനിപ്പിക്കണമെങ്കിൽ വളരെ കർക്കശമായ നിയമങ്ങൾതന്നെ നാം ഉണ്ടാക്കേണ്ടിയിരിക്കുന്നു. ഉദ്യോഗസ്ഥനായാലും അനുദ്യോഗസ്ഥനായാലും ഈ നിയമത്തിന്റെ പരിധിയിൽപ്പെടുത്തക്കവണ്ണം വേണ്ട വ്യവസ്ഥകളാണു് നമുക്കു് വേണ്ടതു്.

MR. JOSEPH MALIECKAL: May I draw the attention of the Hon'ble Member to clause 2 of the Bill where "Public Servant" is defined. I am sure that he has not read the Bill.

MR. MANNAR GOPALAN NAIR; അതൊക്കെ ശരിയാണു്. എന്നാൽ ബില്ലിന്റെ മലയാളം തർജ്ജിമയിൽ പബ്ലിക്കുസർവന്റു എന്നതിനു ഗവണ്മെൻറു് ഉദ്യോഗസ്ഥനെന്നാണു് പറഞ്ഞിരിക്കുന്നതു്. ഇത്രയുമോ സമായ ഒരു തർജ്ജിമയാണു് കൊടുത്തിരിക്കുന്നതു്. പീനൽ കോഡിൽ ഫ @ ാംവകുപ്പിൽ അതെല്ലാംഉൾപ്പെടുമെന്നു പറഞ്ഞിട്ടുണ്ടെങ്കിലും തർജ്ജിമയിൽ ഇങ്ങനെ കാണുന്നതുകൊണ്ടു് ഇതു സർക്കാർ ഉദ്യോഗസ്ഥന്മാരെ മാത്രമേ ബാധിക്കുകയുള്ളു എന്നാണു പൊതുജനങ്ങൾ മനസിലാക്കാൻ ഇടയുള്ളതു്. ഞാൻ പറഞ്ഞുവന്നതു് കൈയ്ക്കൂലിയും അഴിമതിയുമുള്ള ഉദ്യോഗസ്ഥന്മാരെ മാത്രമല്ല അതിനു പ്രേരിപ്പിക്കുന്ന അനുദ്യോഗസ്ഥന്മാരേയും ഉൾക്കൊള്ളത്തക്ക ഒരു വ്യാപ്തി ഈ ബില്ലിനു് ഉണ്ടായിരിക്കുമെന്നാണു്. ഉദ്യോഗസ്ഥന്മാർ അധികം ഈ ബില്ലുകണ്ടു ഭയപ്പെടേണ്ടതില്ല. മി. ഐ. സി. ചാക്കോയുടെ ഭാഷയിൽ പറഞ്ഞാൽ ഈ ബില്ലു് വെറും ഒരു "ഷോ സ്" മാത്രമാണു്. ഇതിന്റെ

LIBRARY ARCHIVES Kerala Legislative Assembly

പ്രായോഗികമായ വശങ്ങളെപ്പറ്റി ശരിയായിനോക്കുന്ന ഒരാളിന് അഴിമതിക്കാരായ ഉദ്യോഗസ്ഥന്മാരേയും അനുദ്യോഗസ്ഥന്മാരേയുംകണ്ടു പിടിച്ച് ശിക്ഷിക്കുന്നതിന് പര്യാപ്തമല്ലാത്തവിധത്തിലാണ ഇതിലെ വ്യവസ്ഥകൾ നിലകൊള്ളുന്നതെന്ന് മനസിലാക്കാൻ പ്രയാസമില്ല. ഇതിൽ പറയുന്നതുപോലെ നിയമപരമായ പടികളെല്ലാംകടന്ന അങ്ങേ അറ്റത്തു ചെല്ലുമ്പോൾ ഉദ്യോഗസ്ഥനോ അനുദ്യോഗസ്ഥനോ ആയ അഴിമതിക്കാരനെ ശിക്ഷിക്കുന്നതിനുള്ള യാതൊരു വ്യവസ്ഥയും ഇതിൽ അടങ്ങിയിട്ടില്ലെന്ന സ്പഷ്ടമാണ്. എന്റെ ബഹുമാന്യസ്നേഹിതൻ മി. ഈപ്പൻ അറക്കൽ പറയുകയുണ്ടായി, സ്വഭാവശുദ്ധിയുള്ള ആളുകളെ തിരഞ്ഞെടുത്തു ഒരു കമ്മിറ്റി ഉണ്ടാക്കണമെന്ന്. സർ, ഞാൻ ചോദിക്കുന്ന ഈ രാജ്യത്തു സുഖക്കേടു ഇല്ലാത്ത എതെങ്കിലും ഡാക്ടർ ഉണ്ടോ എന്ന?

MR. EAPEN ARAKKAL : സ്വഭാവശുദ്ധിയുള്ള ആരും ഈ രാജ്യത്ത് ഇല്ലെന്നാണോ പറയുന്നത്?

MR. MANNAR GOPALAN NAIR : എന്നല്ല ഞാൻ പറയുന്നത്. പക്ഷെ ഏതൊരാളെ എടുത്തുനോക്കിയാലും ചില അവസരങ്ങളിൽ കൈയ്ക്കൂലിക്കും അഴിമതിക്കും അയാൾ പ്രേരണനൽകിയിട്ടുള്ളതായി കാണാൻ കഴിയും. അതുകൊണ്ട് ഞാൻ പറയുന്നത് ഇങ്ങനെ ഒരു കമ്മറിയെ രൂപീകരിച്ച് രഹസ്യമായി കന്യാകുമാരിമുതൽ പറവൂർ വരെപോയി അന്വേഷണം നടത്തുകയാണെങ്കിൽ ഒരൊറ്റ അഴിമതിക്കാരനേയോ കൈയ്ക്കൂലിക്കാരനേയോ അഞ്ജനംഇട്ടുനോക്കിയാൽ പോലും കാണുകയില്ലെന്നാണ്.

MR. K. RAMAKRISHNA PILLAI (*Ambalapuzha —General*) : അതുകൊണ്ട എന്തുചെയ്യണമെന്നാണ് ബഹുമാനപ്പെട്ട മെമ്പർ പറയുന്നത്?

MR. MANNAR GOPALAN NAIR : ഒരു ശരിയായ സി. ഐ. ഡി. വകുപ്പു ഇവിടെ സംഘടിപ്പിക്കണം. കൈയ്ക്കൂലിയേയും അഴിമതിയേയും പറ്റി അവർ രഹസ്യമായി അന്വേഷണം നടത്തണം. അങ്ങിനെ ഒരു സി. ഐ. ഡി. ഡിപ്പാർട്ടുമെന്റ് ഇണ്ടെങ്കിൽ

MR. N. D. JOSE : Suppose the C. I. D. also become corrupt.

MR. MANNAR GOPALAN NAIR : അങ്ങിനെയാണെങ്കിൽ എന്തെല്ലാം സപ്പോസു ചെയ്തുകൂടാ. ആകാശം ഇടിഞ്ഞുവിഴ്ന്നാലോ എന്നു സപ്പോസു ചെയ്യുന്നതുപോലെയാണ് അതു.

LIBRARY ARCHIVES Kerala Legislative Assembly

MR. A. NESAMONY (*Vilavancode—S. I. U. C.*): Does the Hon'ble Member suppose that the present C. I. D. is corrupt?

MR. MANNAR GOPALAN NAIR: That is a point to be determined afterwards.

അതുകൊണ്ടു ഞാൻ പറയുന്നതു് ശരിയായി സംഘടിപ്പിക്കപ്പെട്ട ഒരു സി. ഐ. ഡി. വകുപ്പു് ഇവിടെ രഹസ്യമായി അന്വേഷണങ്ങളും നടത്തി അഴിമതിക്കാരെ കണ്ടുപിടിച്ചു് ഗവണ്മെൻറിനെ അറിയിക്കുകയും അവർ ഉദ്യോഗസ്ഥന്മാരാണെങ്കിൽ സർവീസിൽ നിന്നു ഡിസ്മിസ് ചെയ്യുകയും ഏറ്റവുംകുറഞ്ഞ വീട്ടിൽ പറഞ്ഞയയ്ക്കുകയും ചെയ്യേണ്ടതാണെന്നാണു്. അവർ അക്രമമായ മാർഗങ്ങളിൽ കൂടി ആർജിച്ചിട്ടുള്ള സ്വത്തുക്കളും കണ്ടുകെട്ടുകയും വേണം. ഏതായാലും വളരെ കർക്കശമായ നിയമങ്ങളുംകൊണ്ടല്ലാതെ ഈ പ്രശ്നത്തെ അഭിമുഖീകരിക്കാൻ സാദ്ധ്യമല്ല. അതുകൊണ്ടു ഈ ബില്ലിൻറെ വ്യാപ്തി വളരെ വർദ്ധിപ്പിക്കുകയും നിയമപരമായി നീണ്ടുകിടക്കുന്ന ചങ്ങലയെ ഇല്ലാതാക്കുകയും ചെയ്താലെ നാം ഉദ്ദേശിക്കുന്ന പ്രയോജനം ഉണ്ടാകുകയുള്ളുവെന്നു ഞാൻ അഭിപ്രായപ്പെടുന്നു.

MR. E. P. POULOSE: സർ, ഈ ബില്ലിൻറെ പൊതു തത്വത്തോടും ഉദ്ദേശത്തോടും യോജിക്കുന്നതോടുകൂടി ഒന്നു രണ്ടു കാര്യങ്ങൾ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരണമെന്നു് ഞാൻ ആഗ്രഹിക്കുന്നു. സാധാരണ ശിക്ഷാനിയമം ക്ക ന്ധ ം ക്ക ട ം വകുപ്പുകളനുസരിച്ചുള്ള കൈക്കൂലി കുറ്റങ്ങൾ പോലീസിനു് അന്വേഷണം നടത്തി കേസു ചാർജു ചെയ്യുന്നതിനുള്ള സൗകര്യമുണ്ടെന്നുള്ളതാണു് ഈ ബില്ലിൻറെ ഒരു പ്രത്യേകത. എന്നാൽ ഇത്തരം കുറ്റങ്ങളെപ്പറ്റി പോലീസിൻറെ മുമ്പിലൊ കോടതിയുടെ മുമ്പിലൊ അറിവു് കൊടുക്കുന്നതിനുള്ള പരിതസ്ഥിതികൾ ഉണ്ടാകുന്നതിനു് ഈ ബില്ലിലെ ചില വ്യവസ്ഥകൾ പ്രതിബന്ധമായിരിക്കുകയില്ലേയെന്നു് ഞാൻ സംശയിക്കുന്നു. ചില പ്രത്യേക സന്ദർഭങ്ങളിലും ചില പ്രത്യേക കേസുകളിലും കുറ്റകൃത്യത്തെപ്പറ്റിയുള്ള അറിവുകൾ അധികാരമുള്ള ഉദ്യോഗസ്ഥനേയൊ കോടതിയേയൊ അറിയിക്കുന്നതിനു് താല്പര്യമുള്ള ആളുകളുണ്ടാകും. അതായതു് സാധാരണ നിയമങ്ങളെ ലംഘിച്ചു് ഒരു ഉദ്യോഗസ്ഥനോ ഒരു പൗരനോ പ്രവർത്തിക്കുകയൊ അല്ലെങ്കിൽ നിയമവിരുദ്ധമായി അനർഹമായ ആനുകൂല്യങ്ങൾ ആർക്കെങ്കിലും ചെയ്തു കൊടുക്കുക എന്നിങ്ങനെയുള്ള കുറ്റങ്ങളെ സംബന്ധിച്ചാണെങ്കിൽ അധികാരസ്ഥാനങ്ങളിൽ അറിയിക്കുന്നതിനു് പൊതുജനങ്ങളും അതിനു മുമതലപ്പെട്ട ഉദ്യോഗസ്ഥന്മാരും മുതിരുന്നു എന്നു വരാം. ഉദാ

LIBRARY ARCHIVES Kerala Legislative Assembly

ഹരണത്തിന് ഭക്ഷ്യധാന്യനിയന്ത്രണങ്ങളെ സംബന്ധിച്ച നിയമങ്ങളെ ലംഘിച്ച് ഒരു ഉദ്യോഗസ്ഥൻ പ്രവർത്തിക്കുകയാണെങ്കിൽ അതിനെ സംബന്ധിച്ച വിവരങ്ങൾ താൽപ്പര്യമുള്ള ആളുകൾ അന്വേഷിച്ച് ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെടുത്തിയെന്നുവരാം. അതുപോലെ നിയമവിരുദ്ധമായി പലപ്പോഴും പുകയില വ്യാജമായി കടത്തിക്കൊണ്ടുപോകുകയും അങ്ങിനെ ചെയ്യുന്നതിന് ഒരു എക്സൈസ് ഉദ്യോഗസ്ഥൻ പ്രതിഫലം വാങ്ങിക്കൊണ്ട് അനുവദിക്കുകയും ചെയ്യുകയാണെങ്കിൽ അതും അന്വേഷിച്ചറിഞ്ഞ് വിവരങ്ങൾ അധികാരസ്ഥാനങ്ങളിൽ അറിയിക്കുന്നതിനും തെളിവു കൊടുക്കുന്നതിനും താൽപ്പര്യമുള്ള ആളുകൾ ഉണ്ടാകും. ഇപ്രകാരമുള്ള കുറ്റങ്ങൾ തുടർച്ചയായി നടത്തിക്കൊണ്ടിരിക്കുന്നപക്ഷം അതു അനുവദിക്കുന്നതിന് മുമ്പിലപ്പെട്ട ഉദ്യോഗസ്ഥന്മാർ കൈക്കൂലി വാങ്ങിച്ചു എന്ന് അനുമാനിക്കാനും അതേപ്പറ്റി അന്വേഷിച്ചറിഞ്ഞ് വിവരം ഗ്രഹിക്കാനും താൽപ്പര്യമുള്ള ആളുകൾ ഉണ്ടാകുന്നതു് സാധാരണമാണ്. മദ്യനിരോധനം നടപ്പിൽ വരുത്തിയിട്ടുള്ള സ്ഥലങ്ങളിൽ രഹസ്യമായി മദ്യം വാറ്റുന്നതായോ കടത്തിക്കൊണ്ടു പോകുന്നതായോ അറിഞ്ഞാൽ പ്രിവൻറീവ് ആഫീസറന്മാർ പ്രതിഫലം പറ്റിക്കൊണ്ടാണെന്ന് സംശയിച്ച് അതേപ്പറ്റി അന്വേഷിച്ചറിഞ്ഞു അധികൃതസ്ഥാനങ്ങളിൽ അറിവു കൊടുക്കുന്നതിന് താല്പര്യമുള്ള പൊതുജനങ്ങൾ ഉണ്ടായിരിക്കും. എന്നാൽ അങ്ങനെ അറിവു കൊടുക്കാൻ തുനിയും താൽപര്യം കാണിക്കാത്ത അനവധി കുറ്റങ്ങളുണ്ട്. ഒരു പൗരനെന്ന നിലയിൽ ഒരാളിന് ന്യായമായി കിട്ടേണ്ട അവകാശം അനുവദിച്ചു കൊടുക്കുന്നതിനു കൈക്കൂലി കൊടുത്തെങ്കിലേ ഒക്കുകയുള്ളൂ എന്ന് നിർബന്ധം പിടിക്കുന്ന ഉദ്യോഗസ്ഥന്മാരുണ്ട്. അതുപോലെ ഒരാളിന് ന്യായമായി ചെയ്തു കിട്ടേണ്ട ഒരു കാര്യം കൈക്കൂലി കൊടുത്തെങ്കിലേ സാധിക്കുകയുള്ളൂ എന്നു വരുന്ന സന്ദർഭങ്ങളും ധാരാളമുണ്ടാകും. ന്യായമായി കിട്ടേണ്ട ഒരു പെർമിറ്റോ ലൈസൻസോ കൈക്കൂലി കൊടുക്കാത്തതുകൊണ്ടുമാത്രം അതു കൊടുക്കുന്നതിനധികാരമുള്ള ഉദ്യോഗസ്ഥൻ നിഷേധിച്ചുവെന്നു വിചാരിക്കുക. അങ്ങനെ വരുമ്പോൾ അതു് അധികാരസ്ഥാനങ്ങളിൽ അറിയിക്കാനും തെളിവു കൊടുക്കാനും പോകുന്നതു് വലിയ ഉപദ്രവമാണെന്നു കരുതി വല്ലതും അല്പം കൈക്കൂലികൊടുത്തു് കാര്യം സാധിച്ചുകൊണ്ടു പോവുകയാണു് സാധാരണ ആളുകളുടെ പതിവു്. ഈ ബില്ലു് പാസാക്കിയതുകൊണ്ടും ഇങ്ങനെയുള്ള കുറ്റങ്ങളെ സംബന്ധിച്ച പരാതികൾ ഗവണ്മെൻറിന്റെ മുമ്പാകെ വരുമെന്നു് വിചാരിക്കാൻ നിവൃത്തിയില്ല.

LIBRARY ARCHIVES Kerala Legislative Assembly

[Mr. E. P. Poulose.]

ഒന്നാമതായി അതിന് താല്പര്യമുള്ളവരായിട്ടും ഇതേപ്പറ്റിയുള്ള വിവരങ്ങൾ അറിയുന്നവരായിട്ടുമുള്ള അന്യ ആളുകൾ ഉണ്ടായിരിക്കുകയില്ല. അഥവാ ഗവണ്മെൻറിനെ അറിയിക്കാമെന്നു കൈക്കൂലികൊടുക്കുന്നതിന് നിർബന്ധിതനായ ആൾ വിചാരിച്ചാൽ തന്നെയും അതിനു ചില പ്രതിബന്ധങ്ങളില്ലേ എന്നു ഞാൻ സംശയിക്കുന്നു. ഇന്നലെ ഇതേപ്പറ്റി അഭിപ്രായം പറഞ്ഞപ്പോൾ എന്റെ മാന്യസ്നേഹിതൻ മി: പി. റ്റി. ചാക്കോ പറഞ്ഞു കൈക്കൂലികൊടുക്കുന്നതുകൊണ്ടുമാത്രം ഒരാൾ abettor എന്ന നിലയിൽ കുറ്റക്കാരനാകയില്ല; നേരേമറിച്ച് കൈക്കൂലി കൊടുക്കാൻ പ്രേരിപ്പിക്കുന്ന ആൾ മാത്രമേ കുറ്റക്കാരനാവുകയുള്ളുവെന്ന്. ഏതായാലും ചില പരിതസ്ഥിതികളിലെങ്കിലും കൈയ്ക്കൂലി കൊടുക്കുന്ന ആൾ അബറർ ആയി സംശയിക്കപ്പെടാൻ ഇടയാകുമെന്നുള്ള പരിതസ്ഥിതികളിൽ പരാതിപ്പെടുന്നവർ വളരെ ചുരുക്കമായിരിക്കും. മിക്കവാറും ആരും പരാതിക്ക് പോകാതിരിക്കാനാണ് എളുപ്പം. അതുകൊണ്ട് എനിക്ക് ഒരു നിർദ്ദേശം ഉള്ളത് ഒരു ഉദ്യോഗസ്ഥൻ ഒരു പൗരന് ചെയ്തുകൊടുക്കുന്നതിന് നിയമപ്രകാരം കടപ്പെട്ട ഒരു കാര്യം ചെയ്യുന്നതിന് നിർബന്ധിച്ച് കൈക്കൂലി വാങ്ങുന്ന അവസരങ്ങളിലും, നിയമപ്രകാരം ചെയ്യാൻ പാടില്ലാത്ത ഒരു കാര്യം ചെയ്യുമെന്ന് ഭീഷണിപ്പെടുത്തി കൈക്കൂലിവാങ്ങുന്ന അവസരങ്ങളിലും കൈക്കൂലി കൊടുക്കുന്ന ആളിനെ കോടതി ഒരു അബറർ ആയി ഗണിക്കാൻ പാടില്ലെന്നുള്ള വ്യവസ്ഥകൾ ഈ ബില്ലിൽ ചേർക്കണമെന്നാണ്. അങ്ങനെ ചെയ്താൽ വളരെ അധികം കേസുകൾ ചാർജ്ജു ചെയ്യുന്നതിനും കുറ്റക്കാരെ ശരിയായി ശിക്ഷിക്കുന്നതിനും സാധ്യമാകുമെന്നും അങ്ങനെ നിയമാനുസൃതമായി ചെയ്തു കിട്ടേണ്ട കാര്യങ്ങൾക്കു നിർബന്ധിച്ച് കൈക്കൂലി വാങ്ങുന്ന സമ്പ്രദായം കുറെയെങ്കിലും കുറക്കാനും സാധിക്കുമെന്നാണ് എനിക്കു പറയുവാനുള്ളത്. കൈക്കൂലി കൊടുക്കുന്ന ആളിനെ കോടതി ഒരു അബറർ ആയി ശങ്കിക്കുവാനും ശിക്ഷിക്കുവാനും ഇടയാകുമെന്ന ഭയം ഉണ്ടാകാതിരിക്കത്തക്കവണ്ണം വ്യക്തമായ വ്യവസ്ഥകൾ ഉണ്ടായില്ലെങ്കിൽ നാം ഉദ്ദേശിക്കുന്ന പ്രയോജനമൊന്നും ഈ ബില്ലുകൊണ്ടുണ്ടാവുകയില്ലെന്നാണ് എനിക്കു തോന്നുന്നത്. അങ്ങനെ ഒരു വ്യവസ്ഥ ചെയ്തില്ലെങ്കിൽ വളരെ അധികം കേസുകളെ ഗവണ്മെൻറിന്റെ ദൃഷ്ടിയിൽ കൊണ്ടുവരുന്നതിന് ആളുണ്ടാവുകയില്ലെന്നുള്ളതു തീർച്ചയാണ്. പല കൈയ്ക്കൂലിക്കാരും അങ്ങനെ ഈ നിയമ

LIBRARY ARCHIVES Kerala Legislative Assembly

ത്തിന്റെ പിടിയിൽനിന്ന് രക്ഷപ്പെടുകയും ചെയ്യും. അതുകൊണ്ട് അങ്ങനെ ഒരു വ്യവസ്ഥ ചെയ്യേണ്ടതു് അത്യന്താപേക്ഷിതമാണ്. മറ്റു കാര്യങ്ങളെ സംബന്ധിച്ചിടത്തോളം പ്രായോഗികമായി നോക്കിയാൽ ഈ ബില്ലിന്റെ പ്രവർത്തനങ്ങൾക്കായി ഏർപ്പെടുത്തപ്പെടുന്ന കമ്മിഷന്റെ അല്ലെങ്കിൽ കമ്മീഷണരുടെ കൃത്യങ്ങൾ നിർവഹിക്കുന്നതിനെ നിയന്ത്രിക്കുന്ന ചില ചട്ടങ്ങൾ ഉണ്ടാക്കുന്നതിന് ആവശ്യമായ വ്യവസ്ഥകൾ ഈ ബില്ലിലുണ്ട്. ഈ നിയമം പ്രായോഗികമാക്കിത്തീർക്കാൻ അധികാരപ്പെടുത്തപ്പെടുന്ന ഉദ്യോഗസ്ഥന്മാരെ നിയന്ത്രിക്കുന്നതിനുള്ള വ്യവസ്ഥകളെ ഉൾപ്പെടുത്തിയിരിക്കും അതിന്റെ വിജയം. അതുകൊണ്ട് ആ വ്യവസ്ഥകളും സൂക്ഷ്മമായി പരിശോധിച്ചു് ഉണ്ടാക്കേണ്ടതാണ്. ഇത്തരം നിയമങ്ങൾ നിർമ്മിക്കുന്ന അവസരത്തിൽ വളരെ കരുതലോടുകൂടി നാം പ്രവർത്തിക്കേണ്ടതാണു്. ഇതെല്ലാം പറഞ്ഞുകൊണ്ടും ഞാൻ നിർദ്ദേശിച്ച ഭേദഗതികൾ ചെയ്തു് ബില്ലു് പാസ്സാക്കുന്നതായാൽ അതു് വളരെ പ്രയോജനകരമായിരിക്കുമെന്നു് അഭിപ്രായപ്പെട്ടുകൊണ്ടും ഞാൻ വിരമിച്ചുകൊള്ളുന്നു.

MR. G. RAMACHANDRAN: Sir, the House will remember that a private member wanted to introduce the Travancore Prevention of Corruption Bill in the last session of the Legislature and the then Government promised on that occasion that the Government would themselves come forward speedily with a bill of their own and it was on that account that the private member withdrew his bill. I am glad, Sir, that the Government have now come forward in this session itself to introduce this bill.

I welcome this bill wholeheartedly. If we had the time and the convenience, we should have passed this bill much earlier but better late than never. I not only support the broad and general principles upon which this bill is drafted but I support also its various provisions, so far as they go. I say so for as they go, because the more I study the bill, the more I am convinced that some of the provisions do not go for enough to deal with difficulties with which this bill seeks to deal. My friend Mr. K. P. Nilakanta Pillai, in his brilliant address yesterday, pointed out that even if this bill is passed and even if all its provisions are worked, it will not be possible to effectively bring to book those who are offenders under the bill, and he pleaded rightly that we should make more drastic provisions. I wholeheartedly agree with him. Section 11, whatever those who have made up their minds that everything that comes from the side of the Government is the last word of wisdom, might say is I am convinced while it does not leave the matter quite exactly where it is today, does not take it far enough. The procedure is cumbersome

LIBRARY ARCHIVES Kerala Legislative Assembly

[Mr. G. Ramachandran.]

and tedious and under the conditions now existing, it would be extremely difficult to book an offender quickly and effectively. I therefore trust, Sir, that when this bill goes to the Select Committee, extraordinary care would be taken, because this is a measure of extroardinary importance, to see that this bill is not merely as my friend Mr. K. P. Nilakanta Pillai characterised it, "a piece of fireworks," but something tangible, substantial and something which would give the results for which it is drafted.

Sir, I recalled to memory the last setting of the Legislature not merely to point out how a private member came to withdraw a similar Bill or how Government undertook to introduce a bill of their own. One of the best speeches then delivered was by my friend Mr. John Philipose; who is not present here now and whom I miss here today. He made a profound appeal to the House that what was necessary was not merely the mechanical provisions of a bill but a moral rearmament. As soon as he sat down, Sir, I remember to have sent him a chit congratulating him on his speech and saying that he had lifted the contraversy to a high level. Curiously, that day and the day after there were certain caustic comments on that speech ridiculing his appeal for a moral rearmament. But I think that he made the right appeal and I suggest today also, Sir, that whatever bill we might introduce, whatever provisions we might make, the success of the thing depends ultimately on the complete cooperation of the Government and the people, which is possible only on condition that the Government commands the undiluted respect and confidence of the people. No Government can, in a matter like this, procure the full cooperation of the people, without which this bill would be a dead letter, if any sections of the people have any doubts about the Government, about the very heads of Government. If they have such fears and anxieties, then Sir, the moral background which Mr. John Philipose so passionately appealed for, would be lacking. What is corruption? Is corruption merely some bribe-taking? Is corruption merely a matter of somebody building a house because he has taken money from somewhere? This is an extraordinarily narrow view of corruption. There is corruption and corruption which may not come within this kind of financial defenition of corruption. For instance, Sir, if an official he may be the highest or the lowest,—from his place bends before extraneous influences, and does a thing or two which are dishonourable, not from the financial point of view, but from other points of view, that too is corruption. Now, we have got to take care, Sir, that this bill does not become a dead letter. Let me say that in many places bills of this kind have already become dead letter. The utmost done in such cases is that half a dozen minor or chota officials are caught while the big fish always escape. If, therefore, this bill has to go out to the country, has to command the respect of the people and secure the cooperation of the people, then something has to be done to put life into it and that can be done only by a Govern-

LIBRARY ARCHIVES Kerala Legislative Assembly

ment which is strong enough to face every kind of difficulty in standing up for an absolutely incorruptible administration of the country. So I say, when you talk of Government corruption, it is not merely bribe-taking. I consider bribe-taking as only one of the forms of corruption. But if you bend before extraneous influences and do things which are unjust, then that too is corruption. Here it is that, I want very respectfully to place before the Government the misgivings here and there in the country among some sections of the people that that kind of incorruptibility of standing up against every kind of extraneous influence is not available and that Sir, is a matter on which people are greatly worried.

In this connection, I want to give two salient examples, where people like me and others who think like me, have reason to ask. What are we in for ?" I refer first to the question of Miss Samuel who was Ag. Surgeon General. Sir, I consider—and I am willing to repeat it elsewhere—that the sudden taking away of Miss Samuel after seven months acting as Surgeon General, and the creation of a totally fantastic new job, a high paid job, then shifting her on to it, so that somebody else might be put in her place, is, in my opinion, nothing less than an act of gross corruption. That is why I said, Sir, corruption is not merely bribe-taking. We have got to be just to every one. Yesterday, Sir, you would have noticed what a bombardment of questions met the present Minister for Public Health who tried to evade the questions asked.

MR. N. P. VARGHESE : May I know whether there was not corruption during the previous Ministry?

MR. G. RAMACHANDRAN: I do not want to be distracted at the movement. When yesterday there was a bombardment of questions, in answer to a question of mine the Minister for Public Health said, "we found her incompetent to be Surgeon General but we found her competent for the other job we have given to her."

MR. PRESIDENT : You can broadly refer to it but not go to the details.

MR. G. RAMACHANDRAN: Sir, I think, I should not be precluded from referring to anything that the Minister has said on the floor of the House. I am pointing out this because generally people talk in the air and I do not want to talk in the air. I want to talk pointedly in reference to it. Yesterday, he said that while she was incompetent to be Surgeon General she was good enough for the job of Inspectress General. But the question that honest people will ask is: Why should such a high-paid official be put into such a small job? Why was it not handed over to some Assistant Surgeon? Why shift a woman, who for several months was acting as the Surgeon General to a small job on a bigger salary?" If this is not in terms of the fundamental meaning of the word and act of gross corruption, Sir, I want to know what it is.

To come to another point.

LIBRARY ARCHIVES Kerala Legislative Assembly

MR. PRESIDENT: If you want to enlarge upon that, you may discuss it on a smaller issue rather than from the broad issue of the provisions of the bill.

MR. G. RAMACHANDRAN: The unfortunate thing is that it is not a small issue. It is a straw in the wind and it indicates in which direction we are moving, and charged as we are on the floor of this House with helping the Government in seeing that just administration is carried on, we are bound to accept these facts as straws in the wind. I will now proceed to the next specific instance. You want public cooperation and you will find in this bill extraordinary difficulties for booking any offender. People will have to take courage in their hands before they proceed with charging somebody, because it has got to be doubly proved. Sanction has first to be obtained. Somebody's permission has to be obtained. A laborious process has to be gone through. Ordinarily the common citizen finds it irksom and difficult, however well meaning he might be, to go through such a process in exposing an offender. All the more, therefore, Sir, we should have provisions which will give us the intelligent and ready cooperation of the public.

I come to the second salient example about which I and a number of people who think like me are worried I refer to the suppression of the suppression of the "Malayali." The daily paper 'Malayali' pointed out two instances of corruption with unexampled courage. No other paper would have had the courage to point out two such examples of corruption. The "Malayali" said it was willing to face any court under the law and prove that their suspicions were well founded. Who did this, Sir? Not an irresponsible person. Not a man who simply walks about the street without a stake in the country. It was a leading daily newspaper in the metropolis. What happened? That paper was suppressed by an act of the Executive authority of the Government. How will people then cooperate, I ask you, Sir.? Responsible people are suppressed, punished, brought to book themselves instead of booking the offenders.

MR. JOSEPH MALIECKAL: Is the member aware...

MR. G. RAMACHAVDRAN: I do not propose to yield. Mr. Malieckal very seldom yields to other people. Sir, I am anxious that this bill should succeed. I am anxious...

MR. A. CHIDAMBARANATHA NADAR: ஒரு கேள்வி. இந்தப்பேப்பர் நிறுத்தப்பட்டதற்குக், அதில் சர்க்கார் உத்தியோகஸ்தர்களும், மந்திரிகளும், கைக்கூலி வாங்குகிறார்கள், என்று பிரசுரிக்கப்பட்டதினாலா?

MR. G. RAMACHANDRAN: கேள்வி எனக்குப் புரியவில்லை. திரும்ப ஒரு தடவை கேட்டால் தேவலை.

MR. A. CHIDAMBARANATHA NADAR: மலையாளியை, நசுத்து செய்ததி, அதில் கவர்ன்மென்ற் உத்தியோகஸ்தர்களும், மந்திரிமார்களும், கைக்கூலி வாங்குகிறார்கள் என்று பிரசுரிக்கப்பட்டதினாலா அந்தப் paper நசுத்து செய்யப்பட்டது என்று கேட்கிறேன்.

LIBRARY ARCHIVES Kerala Legislative Assembly

MR. G. RAMACHANDRAN: அது ஒரு காரணம். I therefore say, Sir, that we need today protection not against the corrupt officer, but for those who want to expose corruption. If that is not forthcoming from Government, then this Bill would be a dead letter.

There is another point to which I want to refer. This was referred to in the previous session also when discussion took place. Sections of the public also are not above suspicion and corruption. The war and all that it meant brought up corruption of every kind amongst the public—merchants, black-marketeers etc. We have to deal with such people and in so dealing, unless the Government is absolutely just and every section of the people is convinced that they are just, where shall we be? Take for instance, Sir, the communalism that has broken out so much in Travancore. One cannot take any daily newspaper without seeing big headlines flashed which would excite communal prejudices I have a feeling that the officials of the minority communities are in danger under this Bill, because they will be made scapegoats without any backing. It has happened already. It is going to happen again. The official who belongs to a strong communal group will be saved because nobody would dare to touch him. If you touch him, there will be an uproar in the country. That is why, you can push out a Miss Samuel, you can send away a Brahmin Headmaster, because there will be no communal backing for them. I therefore, sometimes feel that under this Bill it may be possible, and it may happen, that a fellow who has no strong communal backing might become a victim. Some protection has therefore, to be found, for the lame dog, if I may use the term. All this I trust will be considered when it goes to the Select Committee.

MR. P. T. CHACKO (*Kottayam II—General*): May I know why the former Public Health Minister gets agitated when this question comes up?

MR. G. RAMACHANDRAN: I am very glad that such a question has been put. I will answer it gladly. I am agitated because during the seven months when Miss Samuel was Surgeon-General under me she proved her complete efficiency and I challenge any one to point out to any single instance in which she was proved inefficient.

MR. P. BALAKRISHNAN TAMPI: On a point of order. Is this feud between the Neo-Jacobite and Samuelites relevent to the discussion on the Bill?

MR. G. RAMACHANDRAN: I am neither a Neo-Jacobite nor a Samuelite.

Any honest man who knows these things will be agitated Only those, who are here to support whatever action Government might take in whatever way, because it suits them, may not be agitated. I am not one of them. I am justly agitated. I am not ashamed I am agitated.

LIBRARY ARCHIVES Kerala Legislative Assembly

MR. P. BALAKRISHNAN TAMPI: May I point out that it is against the traditions of Parliamentary form that an Ex-Minister should adversely comment on the actions of his successor in office.

MR. G. RAMACHANDRAN: I was saying that there are certain.....

MR. PRESIDENT: He can adversely comment, but he should be relevent.

MR. G. RAMACHANDRAN: Thank you very much, Sir. I was therefore saying that I wish to recall to this House the words of my friend Mr. John Philipose—I wish very much he was here—that what we require for the success of a bill of this kind, is a moral rearmament and I trust all of us will co-operate in securing the moral rearmament.

MR. K. RAMACHANDRAN (*Pathanamthiita I—Kamvala*): Is the Hon'ble member aware that when he was a Minister he appointed his personal clerk as Manager of the Surgeon General's Office and thus overlooked the senior person who was a member of the Backward Community?

MR G. RAMACHANDRAN: He is totally ignorant of the circumstances under which the appointment was made.

MR. K. RAMACHANDRAN: Are favouritism and nepotism included in the definition of corruption?

MR. G. RAMACHANDRAN: If what the member said is what happened, it is certainly corruption. But what happened was exactly the contrary of what he said.

MR. P. T. CHACKO: മെമ്പറിന്റെ നേതൃത്വത്തിൽ ഇതിനെപ്പറ്റി ഒരു പ്രക്ഷോഭണം നടന്നതായി അറിയാമോ?

MR. G. RAMACHANDRAN: My friend Mr. P. T. Chacko is an expert in 'prakshobhanam' and I am another. We will deal with that matter in good time.

MR. A. CHIDAMBARANATHA NADAR: மெம்பர், மந்திரியாய் இருக்கும் சமயத்தில், Surgeon General Office Manager ஆய் Shanmugham என்றொருவர் இருந்தார் என்று தெரியுமா?

MR. G. RAMACHANDRAN: தெரியாது.

MR. K. RAMACHANDRAN: Is the member aware that he has been replaced by another?

MR. P. BALAKRISHNAN TAMPI May I be allowed to be the rotapgonist of one member of the service in the Quilon District Hospital —Dr. Kuppuswami—whose claims have been overlooked in favour of a junior member of the service? (*Laughter.*)

MR. S. KUTTAN: സർ, ഗവണ്മെന്റു പക്ഷത്തുനിന്നും അവതരിപ്പിച്ചിരിക്കുന്ന പ്രിവൻഷൻ ഓഫ് കറപ്ഷൻ ബില്ലിനെ ഞാൻ സംപൂർണ്ണമായി സ്വാഗതം ചെയ്യുന്നു. അനുഭ്യോഗസ്ഥപക്ഷത്തുനിന്നും എന്റെ മാന്യസ്നേഹിതൻ മി. രാമചന്ദ്രൻ, ഇവിടെ പ്രസ്താവിച്ചതു

LIBRARY ARCHIVES Kerala Legislative Assembly

പോലെ ഉള്ള ഒരു ബിൽ അവതരിപ്പിച്ചപ്പോൾ അതു് ഗവണ്മെൻറു പക്ഷത്തു നിന്നും അവതരിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടെന്നും അതുകൊണ്ടു അ ബിൽ ഇപ്പോൾ നിർബന്ധിക്കേണ്ട ആവശ്യമില്ലെന്നും ഗവണ്മെൻറു പക്ഷത്തുനിന്നും പറയുകയുണ്ടായി. ഏതായാലും അധികം കാലതാമസം ഇല്ലാതെ തന്നെ ഇപ്രകാരം ഒരു ബിൽ അവതരിപ്പിച്ചതിൽ ഞാൻ ജനകിയ ഗവണ്മെൻറിനെ അനുമോദിക്കുന്നു. ഈ ബിൽ ഇവിടെ അവതരിപ്പിക്കാൻ പല കാരണങ്ങളും ഉണ്ടു്. ഉദ്യോഗസ്ഥ ലോകത്തു ഇന്നു കാണുന്ന അഴിമതിയും കൈക്കൂലിയും നിർമ്മാർജ്ജനം ചെയ്യുക എന്ന സംഗതി ഗവണ്മെൻറിന്റെ ശ്രദ്ധയിൽ പെട്ടതായിരിക്കണം ഈ ബിൽ അവതരിപ്പിച്ചിരിക്കുന്നതിന്റെ ഒരു കാരണമെന്നു ഞാൻ കരുതുന്നു. ഗവണ്മെൻറു ഭാഗത്തു നിന്നും ഈ ബില്ലു് ശരിയായി ചിന്തിച്ച ശേഷം ഉടനടിതന്നെ ഇതു് ആക്ടായി രൂപാന്തരപ്പെടുത്തി നടപ്പിൽ വരുത്തണമെന്നു ഞാൻ അപേക്ഷിക്കുന്നു. എന്നാൽ ഇതിനു കുറെയൊക്കെ പ്രായോഗിക വൈഷമ്യങ്ങൾ തരണം ചെയ്യേണ്ടതായി വന്നേക്കാം. ഉദ്യോഗസ്ഥലോകത്തു അഴിമതിയും കൈക്കൂലിയും ഇന്നു ധാരാളം ഉണ്ടെന്നുള്ളതു് സംശയരഹിതമായി ഏവനും സമ്മതിക്കുന്ന ഒരു കാര്യമാണു്. എന്നാൽ അഴിമതിയും കൈക്കൂലിയും നിർമ്മാർജ്ജനം ചെയ്യുന്നതിനു ഗവണ്മെൻറു കൈക്കൊണ്ടിട്ടുള്ള നടപടികൾ നാം ഒന്നാലോചിക്കേണ്ടതാണു്. കുറഞ്ഞതരം ഉദ്യോഗസ്ഥന്മാർക്കു് അവരുടെ കുടുംബാംഗങ്ങളുമായി ഒരുവിധം ശരിയായി കഴിഞ്ഞുകൂടുന്നതിനുപോലും ഉള്ള ശമ്പളം അവർക്കു് ഇന്നില്ല. ഇതു് അടിയന്തരമായി ഗവണ്മെൻറു പര്യാലോചിക്കണമെന്നു ഉൽബോധിപ്പിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. കുറഞ്ഞ ശമ്പളക്കാരനു അവന്റെ ജീവിതത്തോതു് ഉയരുന്നതിനു തക്കവണ്ണം ഉള്ള ശമ്പളം കിട്ടാതെ ഈ നിയമം ഏതുരീതിയിലാണു് പ്രവർത്തനം നടത്താൻ പോകുന്നതെന്നു ഞാൻ അറിയുന്നില്ല. യുദ്ധകാലം സമാരംഭിച്ചതിനു ശേഷം ബ്ലാക്കുമാർക്കറ്റിംഗു വളരെ വർദ്ധിച്ചിട്ടുണ്ടു്. അതോടുകൂടിത്തന്നെ ആ ബ്ലാക്കുമാർക്കറ്റിംഗിനു കൂട്ടു നിന്ന ഉദ്യോഗസ്ഥന്മാർ, അതായതു് റേഷനാഫീസറന്മാർ മുതലായവർ ഇതിനകം സമ്പാദിച്ചിട്ടുള്ള അമിതമായ ധനം അവർ എവിടെ നിക്ഷേപിച്ചിട്ടുണ്ടെന്നും മറ്റും അന്വേഷിച്ചു അവരുടെ മേൽ നടപടി നടത്തേണ്ട ഒരു ചുമതലയും ഇന്നത്തെ ജനകീയ ഗവണ്മെൻറിനുണ്ടു്. സർ, ഗവണ്മെൻറു് ഈ ബില്ലിന്റെ ശരിയായ ലക്ഷ്യത്തിൽ എത്തിച്ചേരണമെങ്കിൽ ഉദ്യോഗസ്ഥ ലോകത്തിന്റെ സാന്മാർഗ്ഗികമായ പ്രവർത്തനങ്ങളും ഒഴിച്ചുകൂടാൻ പാടില്ലാത്തവയാണു്. അതിനു തിരുവിതാം

LIBRARY ARCHIVES Kerala Legislative Assembly

[Mr, S. Kuttan]

ക്രിലെ ശിക്ഷാനിയമം ഫ ഒന്നു, ഫ ഒ ഈ വകുപ്പുകളിൽ ഉള്ളടക്കം ചെയ്തിരിക്കുന്ന നിയമം കൈക്കൂലിയെ നിരോധിക്കുന്നതിന് അപര്യാപ്തമാണെന്ന നാം മനസ്സിലാക്കിക്കഴിഞ്ഞു. മി. രാമചന്ദ്രൻ പറഞ്ഞതുപോലെ പരിശുദ്ധാത്മാവു് അധിവസിക്കുന്ന ഒരു രാജ്യത്തിൽ എത്തിച്ചേരുവാൻ സാദ്ധ്യമാണോ എന്നറിഞ്ഞുകൂടാ. കൈക്കൂലി എന്നതിനെപ്പറ്റി വിശകലനം ചെയ്യുമ്പോൾ മനുഷ്യൻ മനുഷ്യനെന്നുള്ള അവസ്ഥയിൽ അവന്റെ ഉദരപൂരണത്തിനായി കൈക്കൂലി വാങ്ങിച്ചു എന്നു വരാവുന്നതാണു്. പരിശുദ്ധാത്മാക്കൾ മാത്രം ഉൾക്കൊള്ളുന്ന ഒരു രാജ്യത്തു് എത്തിച്ചേരാൻ കഴിയുമെങ്കിൽ അതു് നല്ലതു തന്നെയാണു്. സർ, ഈ ബില്ലിൽ കൈക്കൂലിയേയും അഴിമതിയേയും സംബന്ധിച്ചുള്ള എല്ലാ കുഴപ്പങ്ങളും പരിഹരിക്കുന്നതിനു തൃപ്തികരമായ വ്യവസ്ഥ ചെയ്തിട്ടുണ്ടു്. അതിന്റെ അപര്യാപ്തതയെപ്പറ്റി ചോദ്യശരങ്ങൾ തന്നെ വന്നിട്ടുണ്ടു്. സൂഷ്മപരമായ പരിഹാരങ്ങൾ ഇവിടെ പല മാന്യ മെമ്പറന്മാരും നൽകിയിട്ടുമുണ്ടു്. എന്റെ ഈ ബിൽ കഴിയുന്നതും വേഗം സെലക്ടു കമ്മറ്റിയിലേക്കയച്ചു അവിടെ സൂഷ്മപരമായി മെമ്പറന്മാർ നൽകിയിട്ടുള്ള നിർദ്ദേശങ്ങളനുസരിച്ചുള്ള ഭേദഗതി വരുത്തി താമസിയാതെ തന്നെ ഈ നിയമം നടപ്പിലാക്കാൻ തക്കവണ്ണമുള്ള ഒരു സന്ദർഭം ജനകീയഗവണ്മെന്റിനു് ലഭിച്ചിട്ടുണ്ടു്

ME. P. M. VARGHESE (*Thodupuzha II—General*) : ഈ ബിൽ കൊണ്ടു കാര്യമായ സംഗതികൾ സാധിച്ചിട്ടുണ്ടു്. അതായതു് പല കാര്യങ്ങളിലും ഈ നിയമസഭകളിൽ ഉദ്യോഗസ്ഥന്മാരുടെ അഴിമതിയേയും കൈക്കൂലിയേയും കുറിച്ചുള്ള ചോദ്യങ്ങൾ വരുമ്പോൾ ഗവണ്മെന്റു് അതിനെല്ലാം നിഷേധരൂപത്തിലാണു് മറുപടി പറഞ്ഞു വന്നിരുന്നതു്. എന്നാൽ ഗവണ്മെന്റു് ഈ ബില്ലുകൊണ്ടുവന്നിരിക്കുന്നതിൽ നിന്നും നമുക്കു മനസ്സിലാകുന്നതു് ഉദ്യോഗസ്ഥലോകത്തു അഴിമതിയും കൈക്കൂലിയും ഉണ്ടെന്നു ഇന്നത്തെ ഗവണ്മെന്റു സമ്മതിക്കുന്നു എന്നും അതിനു പരിഹാരമായി ഏതു വ്യവസ്ഥയും നടപ്പിൽ വരുത്തുന്നതിനു ഗവണ്മെന്റു തയാറാണെന്നും ആണു്.

The House adjourned for lunch at 1 p. m. and reassembled at 2 p. m. with the President, in the chair.

MR. P. M. VARGHESE : സർ, അഴിമതിയെ നിരോധിക്കുന്നതിനു ഇപ്പോൾ തന്നെ ഗവണ്മെന്റിന്റെ കൈയ്യശം ധാരാളം നിയമങ്ങൾ ഉണ്ടു്. എന്നാൽ അതു മതിയാകയില്ല എന്നു കണ്ടിട്ടാണു് ഇപ്പോൾ ഇങ്ങനെ ഒരു ബിൽകൊണ്ടുവന്നിരിക്കുന്നതു്. നിയമങ്ങളുടെ പോരായ്മകൊണ്ടാ

LIBRARY ARCHIVES Kerala Legislative Assembly

ണ്ട്. നമ്മുടെഉദ്യോഗസ്ഥന്മാർ അഴിമതിക്കാരാകുന്നതു് എന്ന ഒരു ധാരണ വച്ചുകൊണ്ടാണു് ഈ ബില്ലിനെ പലരും വീക്ഷിക്കുന്നതെന്നു തോന്നുന്നു. ആ ധാരണയ്ക്കു് അടിസ്ഥാനമായി ബഹുമാനപ്പെട്ട മെമ്പർ മി. ജി. രാമചന്ദ്രൻ ഒരു ഉത്തമോദാഹരണം തന്നെ ഇവിടെ നൽകിയിട്ടുണ്ടു്. അഴിമതിയില്ലാതാകണമെങ്കിൽ ഇവിടത്തെ നിയമങ്ങളെ പാലിക്കുവാൻ മുമതലപ്പെട്ട ഉദ്യോഗസ്ഥന്മാർതന്നെ അതു് ആദ്യമായി നിഷ്ക്കർഷിക്കണമെന്നും ഇവിടത്തെ മന്ത്രിമാർതന്നെ ആദ്യമെ നന്നാകണമെന്നും അദ്ദേഹം പ്രസ്താവിക്കുകയുണ്ടായി. അദ്ദേഹം അതു പ്രസ്താവിച്ചുകൊണ്ടാണു് ആ ഉദാഹരണം പറഞ്ഞതു്. എന്നാൽ അദ്ദേഹം നൽകിയ ആ ഉദാഹരണം എനിക്കു മറ്റു വിധത്തിലാണു തോന്നുന്നതു്. മൻപു ഇവിടെ നടന്നിട്ടുള്ളതും സംഭവിച്ചിട്ടുള്ളതുമായ ചില വസ്തുതകൾ പൊക്കിയെടുത്തു് ഈ ബിൽ ഇവിടെ ഹാജരാക്കിയിരിക്കുന്ന ഈയവസരത്തിൽ പ്രസ്താവിച്ചതിന്റെ ഔചിത്യത്തെപ്പറ്റി എനിക്കു സംശയമാണു്. മുൻമന്ത്രിസഭ ചെയ്തിട്ടുള്ള പ്രവർത്തികളുടെ നിരപരാധിതത്തെയും നിലവിലുള്ള മന്ത്രിസഭയുടെ ദൃഷ്യങ്ങളെയും പറ്റി ഈ ബില്ലിന്റെ തണലിൽ നിന്നുകൊണ്ടു് പ്രസ്താവിക്കേണ്ട ആവശ്യം എന്താണായിരുന്നുവെന്നു എനിക്കുമനസിലാകുന്നില്ല. നിയമം വേണ്ടിടത്തു വേണ്ടപോലെ പ്രയോഗിക്കുന്നില്ല എന്നുള്ളതാണു് അദ്ദേഹത്തിന്റെ പ്രധാനമായ ആരോപണമെങ്കിൽ, അതിനെ നീതീകരിക്കുവാൻഅദ്ദേഹത്തിനെപോലെതന്നെ ഇവിടെ ഇരിക്കുന്ന എല്ലാ മെംബറന്മാർക്കും കഴിയുമെന്നുള്ളതിനു സംശയമില്ല. പക്ഷെ, നിയമം വേണ്ടിടത്തു വേണ്ടതു ചെയ്യുന്നില്ലെങ്കിൽ അതുതന്നെ ഒരു അഴിമതി ആണെന്നുള്ളതു ഞാനും സമ്മതിക്കുന്നു. ജനനേതാക്കന്മാർ, സാധാരണക്കാരായ പൊതുജനങ്ങൾക്കു മനസിലാക്കാൻ പ്രയാസമുള്ള വിധത്തിൽ സംസാരിക്കുകയും പ്രവർത്തിക്കുകയും ചെയ്യുകയാണെങ്കിൽ ഈ രാജ്യത്തു നിന്നും അഴിമതി ബഹിഷ്ക്കരിക്കപ്പെടുമെന്നു എനിക്കു തോന്നുന്നില്ല. സത്യത്തെയും ന്യായത്തെയും മുൻനിറുത്തി ധൈര്യമായി പ്രവർത്തിക്കുവാൻ ജനനേതാക്കന്മാരും ഉദ്യോഗസ്ഥന്മാരും നിഷ്ക്കർഷിക്കാതിരിക്കുന്നിടത്തോളം കാലം ഇത്തരം ബില്ലുകൾ കടലാസിൽ കിടക്കുമെന്നല്ലാതെ അതുകൊണ്ടു യാതൊരു നന്മയും ഉണ്ടാകുമെന്നു എനിക്കു തോന്നുന്നില്ല.

MR. T. T. KESAVAN SASTRI : സർ, ഞാൻ ഈ ബില്ലിന്റെ തത്വത്തോടു അനുകൂലിക്കുന്നു. ഈ ബില്ലിന്റെ പരിധിയിൽ ഉദ്യോഗസ്ഥന്മാരെയും നിയമസഭാസാമാജികന്മാരെയും പഞ്ചായത്തു ജീവനക്കാർ തുടങ്ങിയുള്ളവരെയും കൂടെ ഉൾപ്പെടുത്തിയതു് നന്നായി എന്നാണു് എന്റെ

LIBRARY ARCHIVES Kerala Legislative Assembly

[Mr. T. T. Kesavan Sastri]

അഭിപ്രായം. ഒരു കാലത്തു കൈക്കൂലി ഉദ്യോഗസ്ഥന്മാരെ മാത്രം സ്പർശിക്കുന്ന ഒരു കാര്യമായി ഈ സഭയിൽ വാദപ്രതിവാദം ചെയ്യാൻ ഇടയായിട്ടുണ്ട്. എന്നാൽ ഈ ബിൽ ഉദ്യോഗസ്ഥന്മാർ മാത്രമല്ല. അനുദ്യോഗസ്ഥന്മാർ പോലും കൈക്കൂലി വാങ്ങുവാൻ പാടില്ല എന്നു കാര്യമായി നിരോധിക്കുകയാണു ചെയ്തിരിക്കുന്നതു്. ഈ ബിൽ പ്രയോഗത്തിൽ വന്നാൽ ആക്ഷം യാതൊരു വിധേനയും കൈക്കൂലി വാങ്ങാൻ പാടില്ല എന്നു വരുന്നു. ഇതു എത്രയും പ്രിയതരവും പ്രയോജനകരവുമായ ഒരു തത്വമാണെന്നുള്ളതിനും സംശയമില്ല.

സർ, ബില്ലിന്റെ പേരിനെ സംബന്ധിച്ചിടത്തോളം എനിക്കു അല്പം അഭിപ്രായവ്യത്യാസമുണ്ടു്. ഇംഗ്ലീഷിൽ ആണെങ്കിൽ ഏതാണ്ടു കർണ്ണസുഖം തരുന്ന ഒരു പേരാണു്. എന്നാൽ മലയാളത്തിൽ അഴിമതി നിരോധനബിൽ എന്നാണു് കാണുന്നതു്. അഴിമതി എന്ന വാക്കിന്റെ സർവ്വവ്യാപകമായ അർത്ഥവും അതിന്റെ പ്രത്യർത്ഥവും ആലോചിക്കുമ്പോൾ ഈ പേർ ഈ ബില്ലിനു യോജിച്ചതാണോ എന്നു ഞാൻ സംശയിക്കുന്നു. ഈ വ്യാപ്തിയും അതിവ്യാപ്തിയും ഇംഗ്ലീഷിലുള്ള ആ പേരിൽ വരുന്നില്ല. എന്റെ അഭിപ്രായത്തിൽ ഈ ബില്ലിനു കൈക്കൂലി നിരോധനബിൽ എന്ന പേർ നൽകിയിരുന്നെങ്കിൽ കുറെക്കൂടി നന്നായിരിക്കും എന്നാണു്. അഴിമതി എന്ന വാക്കു് ഇവിടെ യോജിക്കുന്നില്ലെന്നാണു് എനിക്കു തോന്നുന്നതു്. ഇംഗ്ലീഷ് പദത്തെ മലയാളത്തിൽ തർജ്ജിമചെയ്യുമ്പോൾ, മി. കുഞ്ഞിത്തൊമ്മൻ പറയാറുള്ളതുപോലെ അതിവ്യാപ്തി ദോഷവും അവ്യാപ്തിദോഷവും ഉണ്ടാകാറുണ്ടു്. ഒരിക്കൽ ഇവിടെ മണ്ണാനെ മന്നാനാക്കി ഒരു തർജിമകണ്ടു. മണ്ണാനെ മന്നാനാക്കി തർജ്ജിമചെയ്തതു ശരിയാണോ എന്നു ചോദിക്കാനിടയായി. ഒരു വിവർത്തക കമ്മ്യൂണിസത്തെ- മലയാളീകരിച്ചു് അവശന്റെ ആഹ്വാനം എന്നു പറഞ്ഞു. 'അവശൻ' വശമില്ലാത്തവൻ എന്നാണല്ലോ. അവശന്റെ ആഹ്വാനമാണോ, അതല്ല അവശന്റെ വെല്ലുവിളിയാണോ ഏതാണു കമ്മ്യൂണിസം എന്നു സംശയിക്കേണ്ടിയിരിക്കുന്നു. ഞാൻ ഇതു ഇവിടെ പറഞ്ഞതു് ഇംഗ്ലീഷിലുള്ള പേരു മലയാളത്തിലേക്കു തർജ്ജിമചെയ്ത ബില്ലിനു അഴിമതിനിരോധന ബിൽ എന്നു നാമകരണം ചെയ്തപ്പോൾ ഉദ്ദേശിക്കാത്ത ഒരു അർത്ഥവ്യാപ്തിയും പ്രത്യർത്ഥവ്യാപ്തിയും ആ വാക്കുമൂലം സംജാതമാകുന്നില്ലേ എന്നു സംശയിക്കുന്നതുകൊണ്ടാണു്. അതുകൊണ്ടു് കൈക്കൂലി നിരോ

LIBRARY ARCHIVES Kerala Legislative Assembly

ധനബിൽ എന്ന് ഈ ബില്ലിനു നാമകരണം ചെയ്യുന്നതായിരിക്കും ഉചിതം എന്നാണ് എന്റെ അഭിപ്രായം. എന്തായാലും ഈ ബില്ലിന്റെ പ്രയോഗം തിരുവിതാംകൂറിന്റെ ഭാവിയെ ഉത്തരോത്തരം പരിരക്ഷിക്കുന്ന ഒന്നായിരിക്കുമെന്നുള്ളതിനു സംശയമില്ല. ഈ ബിൽ നിയമമാക്കി എത്രയും വേഗത്തിൽ ഇവിടെ നടപ്പിലാക്കുവാൻ ഇടയായാൽ ഈ രാജ്യത്തെ കൈക്കൂലിയും മറ്റു അഴിമതികളും നിയന്ത്രണത്തിനു ഈ രാജ്യത്തുനിന്നും നിർമ്മാർജ്ജനം ചെയ്യുവാൻ സാധിക്കുന്നതായിരിക്കും. ഗവണ്മെന്റു ഈ സഭയുടെ പര്യാലോചനയ്ക്കായി അവതരിപ്പിച്ചിട്ടുള്ള എല്ലാ ബില്ലുകൾക്കും ഉപരിയായ ഒരു ബില്ലാണിതെന്നും എനിക്കു തോന്നുന്നു. എത്രയും വേഗത്തിൽ ഈ ബില്ല് സെലക്ട് കമ്മിറ്റിയുടെ പര്യാലോചനയ്ക്കു വിധേയമാക്കി ആവശ്യമുള്ള ഭേദഗതികൾ അംഗീകരിച്ചുകൊണ്ടു നിയമമാക്കുത്തീർക്കണമെന്നുള്ള അഭിപ്രായത്തോടുകൂടി, ഞാൻ ഈ ബില്ലിനെ അനുകൂലിച്ചുകൊള്ളുന്നു.

MR. K. M. CHANDY (*Meenachil I—General*) : സർ, ഈ ബില്ലിന്റെ പൊതു തത്വങ്ങളോടു അനുകൂലിച്ചുകൊണ്ടു ചില സംഗതികൾ പ്രസ്താവിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. നാകുത്ത ഗാന്ധിഭക്തനും മുൻമെഡിക്കൽ വകുപ്പു മന്ത്രിയുമായിരുന്ന ശ്രീ. രാമചന്ദ്രൻ വളരെ ആദരണീയങ്ങളായ പല തത്വങ്ങളെപ്പറ്റിയും ഇവിടെ പ്രസ്താവിക്കുകയുണ്ടായി. ഒരു ധാർമ്മികമായ അധഃപതനത്തിൽ ഈ രാജ്യം എത്തിയിരിക്കുകയാണെന്നും ആ അധഃപതനത്തിൽ നിന്നും ഈ രാജ്യത്തെ വീണ്ടെടുക്കേണ്ടതു വളരെ അത്യാവശ്യമാണെന്നും അദ്ദേഹം പറഞ്ഞു.

കഴിഞ്ഞ ലോകമഹായുദ്ധകാലത്തു അനുവർത്തിച്ചുപോന്നിരുന്ന തിനേക്കാൾ കൂടുതൽ ഉപദ്രവം നമ്മുടെ നാട്ടിനു ചെയ്തിരിക്കുന്നതു്, അക്കാലത്തു് നമ്മുടെ നാട്ടിലെ ജനങ്ങൾക്കുണ്ടായിരുന്ന ധാർമ്മികാധഃപതനമാണു്. ആ അധഃപതനത്തിൽ നിന്നും രാജ്യത്തെ വീണ്ടെടുക്കുന്നതിനു് എത്ര വലിയ ത്യാഗങ്ങൾതന്നെ ചെയ്താലും അതു മതിയാകയില്ലെന്നാണു എന്റെ അഭിപ്രായം. അടുത്ത കാലത്തു ഈ രാജ്യത്തു കറപ്ഷൻ വളരെ വിപുലമായ തോതിൽ വർദ്ധിച്ചിട്ടുണ്ടു്. ബഹുമാനപ്പെട്ട മെമ്പർ മി. കേശവൻ ശാസ്ത്രി പറയുകയുണ്ടായി, അഴിമതിനിരോധന ബില്ലിന്റെ പേരു കൈക്കൂലി നിരോധനബിൽ എന്നാക്കിയാൽ നന്നായിരിക്കുമെന്നു്. എന്നാൽ ഇതിൽ നിന്നും വ്യത്യസ്തമായ അഭിപ്രായമാണു് എനിക്കുള്ളതു്. ഈ ബിൽ കൈയ്ക്കൂലിയെ മാത്രം ബാധിച്ചാൽ പോരെന്നും നെപ്പോട്ടിസം, ഫേവറിറ്റിസം മുതലായവ

LIBRARY ARCHIVES Kerala Legislative Assembly

[Mr. K. M. Chandy.]

ക്കുടി അതിന്റെ വ്യാപ്തിയിൽ വരുത്തണമെന്നുമാണ് എന്റെ അഭിപ്രായം. ഇവിടെ സ്വപ്രാധിപത്യം നിലനിന്ന കാലത്തു് ഈ രാജ്യത്തെ ഉദ്യോഗസ്ഥന്മാരുടെ ഇടയിൽ അഴിമതിയും കയ്ക്കൂലിയും വർദ്ധിച്ചിരുന്നുവെങ്കിൽ നമുക്കു് അതു മനസ്സിലാക്കാം. എന്നാൽ ജനകീയഭരണം വന്നതിനു ശേഷവും നിർഭാഗ്യവശാൽ ഈ അഴിമതികളും ഇവിടെ നിലനിൽക്കുന്നുണ്ടു്. ജനകീയഭരണം വന്നതിനു ശേഷവും ഈ രാജ്യത്തു മന്ത്രിമാരുൾപ്പെടെയുള്ള ഉദ്യോഗസ്ഥന്മാരുടെ പേരിൽ പല ആരോപണങ്ങളും ഉണ്ടായിട്ടുണ്ടു്. പരിപൂർണ്ണമായ അഴിമതി ഇവിടെ നിന്നും മാറേണ്ടതു ജനാധിപത്യത്തിന്റെ നിലനില്പിനു തന്നെയും അത്യാവശ്യമാണു്. 'Caesar's wife must be above suspicion' എന്നു പഴഞ്ചൊല്ലു അനുവർത്തമാക്കത്തക്ക നിലയിൽ ആദ്യമായി ഇവിടത്തെ മന്ത്രിമാർ തന്നെ അഴിമതിക്കും കൈയ്ക്കൂലിക്കും അതീതരായി പ്രവർത്തിക്കേണ്ടതാണു്.

MR. A. CHIDAMBARANATHA NADAR : ஒரு கேள்வி. அப்படியானால் இப்பொழுது இருக்கப்பட்ட மந்திரிமார்கள், கைக்கூலிக்காரர்கள் என்று அர்த்தமா ?

MR. K. M. CHANDY : അവർ അങ്ങനെ വരാൻ പാടില്ലെന്നാണു ഞാൻ പറഞ്ഞതു്.

മുൻ മെഡിക്കൽ വകുപ്പു മന്ത്രിയായിരുന്ന ശ്രീ. രാമചന്ദ്രൻ ഒരു ലേഡി ഡാക്ടറുടെ നിയമനത്തെപ്പറ്റി വലിയ ശബ്ദകോലാഹലം ഉണ്ടാക്കിയിരുന്നു. ആ കാര്യത്തെപ്പറ്റി അദ്ദേഹം ഇവിടെ ഒരു പ്രക്ഷോഭണംതന്നെ നടത്താൻ നിശ്ചയിച്ചിരിക്കുന്നതായി കാണുന്നു. മന്ത്രിസ്ഥാനത്തു നിന്നും മാറിയതിനുശേഷം ഇതു സംബന്ധിച്ചു് ആയിരക്കണക്കിനു മഹായോഗങ്ങളും വിളിച്ചുകൂട്ടി പ്രസംഗങ്ങളും നടത്തുവാൻ ജനങ്ങളോടു് ആഹ്വാനം ചെയ്തിരിക്കുന്നതായും കാണുന്നു.

MR. A. CHIDAMBARANATHA NADAR : நியாயமான முறையில் இருந்தால் ஏன் அந்த மாதிரிச் செய்யக்கூடாது ?

MR. K. M. CHANDY : ഈ സഭയിൽ തന്നെ ചോദ്യങ്ങൾക്കു് ഉത്തരം പറഞ്ഞതിൽ നിന്നു കാണാൻ കഴിയും മിസ്റ്റർ. ശാമുവലിന്റെ നിയമനം സംബന്ധിച്ചു് ഏതാനും ഫയലുകൾ സപ്ലൈ ചെയ്യുവെന്നും അല്ലായിരുന്നുവെങ്കിൽ അവർ അന്നു തന്നെ അർഹിക്കുന്ന സ്ഥാനത്തു് നിയമിക്കപ്പെടുമായിരുന്നുവെന്നും.

LIBRARY ARCHIVES Kerala Legislative Assembly

MR. A. CHIDAMBARANATHA NADAR : ஒரு கேள்வி இப்பொழுது நியமிக்கப்பட்டிருக்கும் Surgen General மெம்பரின் ஜாதிக்காரனா?

MR. K. M. CHANDY : ആണ്. മറെറയാളും എൻെറ ജാതിക്കാർ തന്നെയാണ്.

മാത്രമല്ല, നവശക്തി എന്ന പത്രത്തിൽ, ഈ നിയമനത്തിൻെറ തലേദിവസം ആ മഹതി ൨൦൦൦൦ രൂപാ ബാങ്കിൽ നിന്നും എടുത്തുവെന്നും ഈ നിയമനം സംബന്ധിച്ച് വളരെ രസകരമായ വിവരണങ്ങൾ പുറത്തു വിടാൻ അവർ തയ്യാറാണെന്നും അവർ പ്രസിദ്ധപ്പെടുത്തിയിരുന്നു.

MR. D. GNANASIGAMONY : Is the Hon'ble Member prepared to ask the party, the Government in power, to put the matter before a Tribunal.

MR. K. M. CHANDY : അതുമാത്രമല്ല, ആ മഹതിയുടെ നിയമനത്തിനു ശേഷം, മുൻ മെഡിക്കൽ വകുപ്പുമന്ത്രി രാജിവച്ചതിൻെറ തലേദിവസം സർജൻജനറലാഫീസിലെ മാനേജരായ, ഒരു തമിഴ നാട്ടുകാരനായ മി. ഷൺമുഖത്തിനെ അവിടെ നിന്നും മാററി, അദ്ദേഹത്തിൻെറ അനുജൻെറ ഭാര്യയുടെ സഹോദരിയുടെ ഭർത്താവിനെ ആ സ്ഥാനത്തു നിയമിക്കാൻ ഒരു തമിഴനാട്ടുകാരിയായ മിസ്സ് സാമുവലിനോട് ആവശ്യപ്പെടുകയും അങ്ങനെ നിയമിക്കുകയും ചെയ്തതായി കാണുന്നു.

MR. S. KUTTAN : ഇതും ഒരു അഴിമതിയായി കണക്കാക്കരുതോ?

MR. K. M. CHANDY : തീർച്ചയായും കണക്കാക്കാം. ക്രൂരതെ, ഇവിടുത്തെ ഒരു വഴി മേസ്തിരിയായിരുന്ന ഒരാളിനെ ഒരു പി. ഡബ്ലിയു. ഡി. സൂപ്പർവൈസറായി നിയമിച്ച മന്ത്രിമാരും ഇവിടെയുണ്ട്.

MR. A. CHIDAMBARANATHA NADAR : ஒரு கேள்வி அப்படியானால் ஒரு சிண்டு வீரல் இல்லாதவனை, ஒரு பெருவீரல் இல்லாதவன் பரிகாசம் செய்வது போலாகும் என்று தெரியுமா ?

MR. K. M. CHANDY : ഇങ്ങനെ മന്ത്രിമാരുടെ പേരിൽ നെപ്പോട്ടിസം, ഫേവറിറിസം എന്നിങ്ങനെയുള്ള ആരോപണങ്ങൾ ഇവിടെ ഉണ്ടായിക്കൊണ്ടിരിക്കുന്നു ഏറ്റവും ലജ്ജാകരവും നിർഭാഗ്യകരവുമായ ഒരു അവസ്ഥയാണെന്നു വളരെ ഖേദത്തോടുകൂടി പറയേണ്ടിയിരിക്കുന്നു. ഈ വക സംഭവങ്ങൾ ഒരു ഏകാധിപതിയുടെ കാലത്തു നടക്കുന്നതു നമുക്ക് മനസ്സിലാക്കാമായിരുന്നു. എന്നാൽ ഈ അഴിമതികൾക്കും കൈയ്ക്കൂലിക്കും എതിരായി ഇവിടെ ഉത്തമമായ ഒരു ജനകീയ ഭരണം സ്ഥാപിതമാകുവാൻ വേണ്ടി കഴിഞ്ഞ ൧൫ കൊല്ലക്കാലം

LIBRARY ARCHIVES Kerala Legislative Assembly

[Mr. K. M. Chandy.]

ഘോരവും, അനാസൂതവുമായ സമരം നടന്നതിനുശേഷം കൈവന്ന ഈ ജനകീയഭരണകാലത്തും ഇപ്രകാരം അനാശാസ്യ സംഭവങ്ങൾ ഉണ്ടാകുന്നതു ഖേദകരംതന്നെയാണ്. ഇങ്ങനെയുള്ള ഒരു പരിതഃസ്ഥിതി ഈ രാജ്യത്തുണ്ടായിരിക്കുന്നതുകൊണ്ട്, എത്രയും വേഗത്തിൽ ഈ ബ്ല്ലിന്റെ മൂന്നു വായനയും നടത്തി ഇതു ഒരു നിയമമാക്കിത്തീർക്കണമെന്നു അപേക്ഷിക്കുന്നു.

MR. K. A. MATHEW: സർ, ഇവിടെ അവതരിപ്പിച്ചിരിക്കുന്ന ഈ ബില്ലിനെ ഞാൻ സ്വാഗതം ചെയ്യുന്നു. കഴിഞ്ഞ അനേകവർഷങ്ങളായി തിരുവിതാംകൂറിൽ അഴിമതിയും അക്രമങ്ങളും നടന്നു വന്നിരുന്നു എന്നും, ഇപ്പോഴും നടക്കുന്നു എന്നും നമുക്കെല്ലാവർക്കും അറിവുള്ളതാണ്. കഴിഞ്ഞ പത്തുപന്ത്രണ്ടു വർഷത്തെ തിരുവിതാംകൂറിലെ ദുർഭരണത്തിന്റെ ഫലമായി ഇവിടെ അഴിമതികളും അക്രമങ്ങളും ധാരാളമായി ഉദ്യോഗസ്ഥന്മാരുടെ ഇടയിൽ നടന്നുകൊണ്ടിരുന്നു എന്നുള്ള വസ്തുത അനുഭവബോധ്യമാണ്. ഇന്നിവിടെ അവതരിപ്പിച്ചിരിക്കുന്ന അഴിമതിനിരോധനബിൽ അങ്ങനെയുള്ള അഴിമതിയെ തടയാൻ ഉള്ള സംരംഭത്തിന്റെ പ്രഥമ നടപടിയായി ഞാൻ ഗണിക്കുന്നു. ഒരു സോഷ്യാധിപത്യഭരണം നിലവിലിരുന്ന കാലത്തു് ഉദ്യോഗസ്ഥവൃന്ദത്തിന്റെ നില വളരെ അധഃപ്പതിച്ച ശോകത്തക്കവണ്ണമുള്ള ഒരു പരിതഃസ്ഥിതിയായിരുന്നു തിരുവിതാംകൂറിൽ ഉളവായതു്. എന്നാൽ പുതിയ ജനകീയമന്ത്രിസഭ വന്ന ഉടനെ കാര്യങ്ങൾ വ്യത്യാസപ്പെടുമെന്നു് വിചാരിച്ചു. പക്ഷെ വേണ്ടപോലെ ഫലം കണ്ടില്ല. പ്രഥമമന്ത്രിസഭയുടെ പ്രവർത്തികളെ സൂക്ഷിച്ചുനോക്കിയതിൽ അഴിമതികളും അനീതികളും തടയുന്നതിനു പകരം പലപ്പോഴും അവയ്ക്കു് ഇടം കൊടുത്തു എന്നു പറയേണ്ടി വന്നതിൽ ഞാൻ ഖേദിക്കുന്നു. മുൻമന്ത്രി മി. ജി. രാമചന്ദ്രൻ, അദ്ദേഹവും കൂടി മുൻതലപ്പെട്ടു് നടത്തിയ ചില അനീതിപരമായ നിയമനങ്ങളെ സാധൂകരിക്കാൻ പല സംഗതികളും അദ്ദേഹം ഇവിടെ പ്രസ്താവിക്കുകയുണ്ടായി. എനിക്കു് അദ്ദേഹത്തോടു പറയുവാനുള്ളതു് "physician, heal thyself" എന്ന മാത്രമാണ്. ഒരു ജനകീയ ഗവണ്മെന്റിന്റെ ധർമ്മം അനീതികളും അക്രമങ്ങളും പ്രബലപ്പെടാതിരിക്കുന്നതിനു് ഉതകുന്ന അന്തരീക്ഷം സൃഷ്ടിക്കുക എന്നതു കൂടിയാണ്.

MR. D. GNANASIGAMONI: If the Hon'ble Member's view is right is this Government competent to bring forward such a Bill?

MR. K. A. MATHEW: I believe that the present Government is competent to bring forward this Bill,

LIBRARY ARCHIVES Kerala Legislative Assembly

അങ്ങനെ തിരുവിതാംകൂറിൽ വളരെ കാലമായി തുടർന്നു വന്ന അഴിമതികളെ നിർമ്മാർജ്ജനം ചെയ്യുന്നതിന് ഇന്നത്തെ ഗവണ്മെന്റിനെ സഹായിക്കുന്ന ഒരു ബില്ലാണ് ഇത്. എന്നാൽ ഈ ബില്ലിന്റെ തത്വം അല്ലെങ്കിൽ അതിൽ ഉൾപ്പെട്ടുന്ന വ്യവസ്ഥകൾ പ്രയോഗത്തിൽ വരുത്തണമെങ്കിൽ നിശ്ചയമായും പൊതുജനങ്ങളുടെ തിരുവിതാംകൂറിലെ സാമാന്യജനങ്ങളുടെ സഹകരണം അത്യന്താപേക്ഷിതമാണ്. തിരുവിതാംകൂറിലെ ഉദ്യോഗസ്ഥന്മാരുടെയും അനുദ്യോഗസ്ഥപ്രമാണികളുടെയും പൊതുജനങ്ങളുടെയും ധാർമ്മികബോധവും സന്മാർഗ്ഗനിഷ്ഠയും വളരെ വർദ്ധിക്കേണ്ടിയിരിക്കുന്നു. ചൈനായിലെ ഒരു ഗവർണ്ണർ പറഞ്ഞ സംഗതി എന്റെ ഓർമ്മയിൽ വരുന്നു. അദ്ദേഹം പറഞ്ഞത് "എന്റെ പ്രവിശ്യയെ പുനരുദ്ധരിക്കുന്നതിന് രണ്ടുകാര്യങ്ങൾ ആവശ്യമുണ്ട്. ഒന്ന് ധനം ഉണ്ടാകണം, രണ്ടാമത്തേത് ആ ധനം സത്യസന്ധതയോടെ വിനിയോഗിക്കുവാൻ കഴിവുള്ള ആളുകളെ ലഭിക്കണം. ഇതിൽ ആദ്യത്തേത് എനിക്ക് സമ്പാദിക്കാം. രണ്ടാമത്തേത് സമ്പാദിക്കാൻ പ്രയാസമാണ്," തിരുവിതാംകൂറും ഇൻഡ്യയും ഇന്ന് അഭിമുഖീകരിക്കുന്ന പ്രശ്നം ഇതു തന്നെയാണ്.

സത്യസന്ധന്മാരും നീതിബോധമുള്ളവരുമായ ഉദ്യോഗസ്ഥന്മാരേയും പൊതുജനനേതാക്കന്മാരെയും കിട്ടിയാൽ ഒരു രാജ്യത്തിന്റെ ഭാവി ഭാസുരമാണെന്നാണ് ഞാൻ വിശ്വസിക്കുന്നത്. നമ്മുടെ ജനങ്ങൾക്ക് ദൈനംദിനം ഉദ്യോഗസ്ഥന്മാരുമായുള്ള ബന്ധം വളരെ ആണ്. ഏതെല്ലാം വിധത്തിലാണ് അഴിമതിക്കാരായ ഉദ്യോഗസ്ഥന്മാരിൽ നിന്നും സാമാന്യജനതയ്ക്ക് ഉപദ്രവമുണ്ടാകുന്നത് എന്ന് നമുക്കെല്ലാം അറിവുള്ളതാണ്. ഈ ബില്ലിൽ കൈക്കൂലി വാങ്ങിക്കുന്ന ഉദ്യോഗസ്ഥന്മാരെ ശിക്ഷിക്കുന്നതിനെ സംബന്ധിച്ചാണ് വ്യവസ്ഥ ചെയ്തിരിക്കുന്നത്. എന്നാൽ കൈക്കൂലിക്ക് പുറമേ മാറ്റ് പല ദുഷ്പ്രവൃത്തികൾക്കും വിധേയമായി പബ്ലിക്ക് സർവ്വീസിനെ കളങ്കപ്പെടുത്തി പൊതുജനദ്രോഹം ചെയ്യുന്ന ഉദ്യോഗസ്ഥന്മാർ നാട്ടിലുണ്ട്. തിരുവിതാംകൂറിൽ വളരെ ഉത്തരവാദിത്വമുള്ള ഉദ്യോഗം വഹിക്കുന്നവരിൽ ചിലർ മദ്യപാനികളാണ്. മറ്റു ചിലർ വേശ്യാവൃത്തിയിൽ ഏർപ്പെടുന്നവരാണ്. ഇപ്രകാരമുള്ള ആളുകൾമൂലം തിരുവിതാംകൂറിലെ പബ്ലിക്ക് സർവീസിൽ അഴിമതികളും അനീതികളും നടക്കുന്നുണ്ട്. ഈ ദുഷ്പ്രവൃത്തികളായ പ്രലോഭനങ്ങൾക്ക് വശംവദരാകുന്ന ഉദ്യോഗസ്ഥന്മാരിൽ നിന്ന് പൊതുജനങ്ങളെ രക്ഷിക്കുന്നതിന് ഈ ബില്ല് ശുദ്ധിക്കേണ്ടതാണെന്നാണ് എന്റെ അഭിപ്രായം. ഈ ബില്ലിൽ പറയുന്നു".

LIBRARY ARCHIVES Kerala Legislative Assembly

[Mr. K. A. Mathew.]

"If he habitually accepts or obtains or agrees to accept or attempts to obtain from any person for himself or for any other person, any gratification"

"ഹാബിച്ച്വലി" എന്ന പറഞ്ഞാൽ അനേകനാൾ തുടർച്ചയായി ഇങ്ങനെയുള്ള അഴിമതികൾ ചെയ്താൽ എന്നാണ്. എന്നാൽ അനേകനാൾ ഇങ്ങനെ ഒരുദ്യോഗസ്ഥൻ പ്രവർത്തിച്ചതിന്റെ ശേഷമെ അയാളെ ശിക്ഷിക്കാവൂ എന്നാണ് ഇതിന്റെ അർത്ഥമെങ്കിൽ അതു സ്വീകാര്യമല്ല. ഒരു ഉദ്യോഗസ്ഥൻ ഒരു പ്രാവശ്യം മാത്രം കൈക്കൂലി വാങ്ങിയതുകൊണ്ട് ശിക്ഷാർഹനല്ലെന്ന് വരുന്നതല്ല. 'ഹാബിച്ച്വൽ' എന്ന പദം കൊണ്ട് കുറെക്കാലം വാങ്ങിച്ചെങ്കിൽ മാത്രമെ അയാളുടെ മേൽ നടപടി നടത്താവൂ എന്നു വരികയില്ലെന്ന് വിശ്വസിക്കുന്നു. ഒരു ഉദ്യോഗസ്ഥൻ അഴിമതി കാണിച്ചാൽ ആദ്യത്തെ കേസ്സിൽ തന്നെ അയാളുടെ മേൽ വേണ്ട നടപടി നടത്തണം.

Mr. P. T. CHACKO : തിരുവിതാംകൂർ ശിക്ഷാനിയമം ൨൩൰-ം ൨൪൦-ം വകുപ്പുകൾ കൊണ്ട് ഒരു പ്രാവശ്യം കുറ്റം ചെയ്തവനേയും ശിക്ഷിക്കാമെന്നു വ്യക്തമല്ലേ?

Mr. K. A. MATHEW : മി. ചാക്കോയുടെ വിശദീകരണത്തിന് ഞാൻ നന്ദിയുള്ളവനായിരിക്കുന്നു. തിരുവിതാംകൂറിൽ ഇന്നു നടക്കുന്ന അഴിമതികൾക്ക് നിവാരണം ഉളവാകണമെങ്കിൽ, ഞാൻ ആദ്യം പ്രസ്താവിച്ചതു പോലെ, പൊതുജനങ്ങളുടെ ധാർമ്മികബോധവും സഹകരണസന്നദ്ധതയും വളരെ പുരോഗമിക്കേണ്ടിയിരിക്കുന്നു. അതുകൊണ്ട് ഇങ്ങനെ ഒരു ബിൽ പാസ്സാക്കിയതുകൊണ്ടുമാത്രം അഴിമതിനിരോധനം സാദ്ധ്യമാകയില്ല. അഴിമതിയെപ്പറ്റി അനുസ്യൂതമായി സമരം ചെയ്യുന്നതിന് പകൃതികൾ തോറും പൊതുജനസംഘടനകൾ ആൻറികറപ്ഷൻ കമ്മിറ്റികൾ ഉണ്ടാക്കേണ്ടതു ആവശ്യമാണ്. രാജ്യവ്യാപകമായ ഒരു വലിയ ശ്രമംമൂലം മാത്രമേ ഈ ബില്ലിന്റെ ഉദ്ദേശ്യം വിജയപ്രാപ്തിയിൽ എത്തുകയുള്ളു എന്നാണെന്റെ വിശ്വാസം. അങ്ങനെയുള്ള ഒരു ശ്രമം നമ്മുടെ നാട്ടിൽ നടത്തിയാൽ മാത്രമെ പബ്ലിക്ക് സർവീസ് ശുദ്ധീകരിക്കുവാൻ സാധിക്കുകയുള്ളു. ജനകീയഭരണം നടപ്പിലിരിക്കുന്ന ഈ കാലത്തു പ്രസ്തുത കൃത്യം തങ്ങളുടെ ഒരു ചുമതലയാണെന്ന് പൊതുജന നേതാക്കന്മാരും ഉദ്യോഗസ്ഥന്മാരുടെ ധർമ്മമാണെന്ന് അവരും വിചാരിച്ച് സഹകരണബുദ്ധ്യാ പ്രവർത്തിച്ചാൽ മാത്രമേ നമ്മുടെ നാട്ടിലെ

LIBRARY ARCHIVES Kerala Legislative Assembly

ജനങ്ങൾക്ക് ഐശ്വര്യപ്രദമായി ജീവിക്കത്തക്കവണ്ണം അക്രമങ്ങളും അനീതികളും വിട്ടൊഴിഞ്ഞ ഒരു അന്തരീക്ഷം സിദ്ധിക്കുവാൻ സാധിക്കുകയുള്ളൂ.

ഈ ബില്ലിനെ ഞാൻ ഹൃദയപൂർവ്വം സ്വാഗതം ചെയ്യുകയും, ഇതെത്രയും വേഗത്തിൽ നിയമമാക്കുന്നതിന് സഭയിലെ എല്ലാ അംഗങ്ങളും സഹകരിക്കുമെന്ന് പ്രതീക്ഷിക്കുകയും ചെയ്യുന്നു.

MR. P. BALAKRISHNAN TAMPI: I rise to welcome this legislation. Because to do otherwise would be very awkward. As a lover of civil law within the accepted canons of jurisprudence, it is very difficult to overcome it. According to the canons of jurisprudence which are the basis of all our legislation in this country, no man should be deemed to have committed an offence till it is proved there is guilt against him. A murderer who is caught red-handed is deemed to be innocent till, according to the due forms of law, it is proved that he is guilty. And it is regrettable that an officer of the State is not given the same indulgence that we give to the common thief or murderer.

MR. JOSEPH MALIACKAL: Is my friend aware of the provisions of the Union Act?

MR. P. BALAKRISHNAN TAMPI: I will answer it by putting another question. Is the Hon'ble Member aware of all the pages of Halsbury's Law of England? (*Laughter*).

Sir, I do not find fault with my friend as he is new to the Legislature. He may not be able to catch an interpellation or a question. I have had rich experience in this line. I am confident that we cannot get very apt questions from that Hon'ble gentleman.

I am coming to the point. The set of circumstances has compelled us to effect a deviation from the accepted canons of criminal jurisprudence. This House should not go under the impression that the Bill we have adopted for our purpose is a perfect one. Unfortunately I find the tendency of going in for a hastily drafted legislation not only here but in the Provinces and States also. Legislation like malaria or small-pox, has a tendency to be contagious. Now, my remarks about the drafting of the law or the fundamental basis of it does not mean that I am against punishing the corrupt officer. Another objection I find in this Legislation is this. This provides a convenient excuse to any Government not to take action against an officer in the Administrative Court. Our present law may not be competent enough. The Service Regulations can be invoked. Recently there have been definite allegations of corruption against an officer. Why should not Government proceed against that officer in the normal Administrative Court? Could not Government order an enquiry? Couldn't that officer be held under suspension till his character is vindicated? Now, if Government shows hesitancy in this case, what will be the case

LIBRARY ARCHIVES Kerala Legislative Assembly

[Mr. P. Balakrishnan Thampi.]

with this piece of legislation ? That is the question I put to this House. Now there has been a lack of—I want to put the matter positively—wholesome talk regarding moral re-armament in this Assembly. There was the speech of Dr. Mukkadan so to say. Mr. G. Ramachandran also referred to one Dr. Mukkadan. An hon'ble friend from the back bench,I mean in the person of Mr. Mathew who also said about the same matter. Now, if all these had been talked about in another place on a Sunday afternoon, I would have welcomed it. But when we are speaking about this particular legislation, the question is how to effectively stop corruption. Favouritism will play a large part in this and whether it could ever be translated in its form is a debateable one. We are all aware that we are not a richer people and not the most enlightened ones so far as these things go because we air our views on philosophy or ethics. The real question is how far a corrupt officer without unduly oppressing him be brought to book and for that purpose, according to me, the machinery suggested in this law is rather cumbrous. It gives a tendeney to work hardship on individuals.

Now, I pass on to another phase of the whole question. I ask, is not this bill a confession that there is so much of corruption in this State. I on my part could believe that there is less of corruption in Travancore than any other parts of the world. A few years ago an enquiry was held regarding one branch of the British civil service namely, the London Police. Disclosures satisfied the world that there was no lack of original sin even in the British Police. All over the world there is corruption. So long as human nature remains what it is, it is bound to be corrupt. Wise statesmanship and administrative regulations would only require that it must be checked as far as possible, that opportunities should not be given for getting corrupt by means of checks and counter checks or by the appointment of efficient men in charge of the departments. For that purpose, a kind of discussion as the one now having on the floor of the House is none too helpful I am not at all proud to hear in this House when one hon'ble member after another gets up and pleades for putting down corruption rampant in one officer or another of this Government. Sueh a discusslon is not going to be helpful to the efficiency of the departments concerned either. Sir, I do not speak these words in any tone of reprobation. I am only stating in great humility that in this matter we are not leading other legislation in the world. In no other legislature such importance is given to the subject under discussion now. Sir, I do not now want to take this opportunity to pass strictures on Goverment nor to move for a vote of confidence in it. To me it appears that practical working the only check that will be wanted is administrative check. It is provided in the Civil Service Regulations and the Penal Code. As Mr. Ramachandran pointed out the big guns will escape and the small fry would get into trouble. Therefore my

LIBRARY ARCHIVES Kerala Legislative Assembly

appeal to Government is that even if this bill is passed into law and I hope it will, Government should exercise their discretion in launching prosecutions. Certain matters have been brought to the notice of Government through certain periodicals as regards corruption. Just as there are certain models of public health centres in the country, the publications in the periodicals resemble that. In those journals certain details are given of the occurrences. I do not wish to state those must be taken as gospel truth. All that I mean is, steps may be taken by Government on the lines indicated by periodicals to put down corruption. That will certainly be a source of allaying the fears of the pnblic in regard to corruption. This piece of legislation is not going to be a very valuable addition to our Statute Book. At the same time as this legislation has not been introduced in other countries except Travancore the question of taking it to the Statute Book has to be done with caution. It should not be understood by the Treasury Benches that I am lecturing to them on any matter. Far from it. I simply appeal to Government to show firmness and take action against erring officials. With these words I also as a dutiful party man support the motion.

MR. A. CHIDAMBARANATHA NADAR : ஸர், நான் அழிமதி ஒழிப்பு மசோதா என்று சொல்கிற இந்த bill-ஐ ஆதரிக்கிறேன். ஏனென்றால், தற்போது நமது நாட்டில் கைக்கூலி வாங்குவது என்பது கூடிவிட்டது. பாமர மக்களுக்கு நியாயம் என்பதே வழங்கப்படுவதில்லை. நீதியும், நியாயமும் ஒரு நாட்டில் சரிவர நிலவவேண்டுமானால் முதலில் கைக்கூலி என்பதை நிறுத்தவேண்டும். இந்த மசோதாவில் அழிமதியை ஒழிக்க, வேண்டிய திட்டங்களிருக்கின்றன என்று தோன்றுகிறது. உத்தியோகத்திலிருக்கக்கூடிய எந்த ஏபரானாலும் சரி, அல்லது உங்களையும் என்னையும் போன்ற அரசியல் நிர்ணயசபை மெம்பர்களானாலும்சரி, பஞ்சாயத்துபோர்டு மெம்பர்களானாலும்சரி, அவர்கள் கைக்கூலி வாங்கினால் அவர்கள் பேரில் நேரடி நடவடிக்கை உடனே எடுக்கவேண்டுமென்று இந்த மசோதாவில் இப்போது குறிப்பிடப்பட்டிருக்கிறது. திருவிதாங்கூர் உத்தியோகபீடத்தைப்பார்த்தால் கைக்கூலி தாண்டவமாடுகிறது.

ஸர், போலீஸ், எக்ஸைஸ் முதலிய இலாகாக்களிலுள்ள உத்தியோகஸ்தர்கள் தாராளம் கைக்கூலி வாங்குகிறார்கள். ஆனால் போலீஸ், எக்ஸைஸ் இலாகாக்களிலுள்ள தாழ்ந்த வேலையில் குறைந்த சம்பளத்திலிருக்கிறவர்கள் சாதாரணமாக சர்க்கரம் வாங்குவதை நாம் பார்க்கலாம். அவர்கள் வாங்குவது சக்கரமானாலும் அது கைக்கூலி தான். ஆனால் என் வாங்குகிறார்கள்? தாழ்ந்த உத்தியோகத்திலிருக்கிறவர்களுக்கு ஏழெட்டு குழந்தைகளிருக்கின்றன. காரணம் எனக்குத் தெரியவில்லை. அவர்களுக்குத் தங்கள் குடும்பத்தை நடத்திக்கொண்டுபோக அதிக சம்பளமுமில்லை. அதனால்தான் அவர்கள் இந்த மாதிரி சக்கரம் வாங்குகிறார்கள். இவர்களுக்குக் கூடுதல் சம்பளம் கொடுக்கவேண்டும். ஆனால், உத்தியோகபீடத்திலிருக்கிற அதிகம் சம்பளம் வாங்குகிற உத்தியோகஸ்தர்கள் அப்போதும் இப்போதும் கைக்கூலி வாங்கிவருகிறார்கள். அதைத் தடுக்க இந்த சர்க்காரோ அல்லது இதற்கு முந்தியிருந்த சர்க்காரோ யாதொரு நடவ

LIBRARY ARCHIVES Kerala Legislative Assembly

[Mr. A. Chidambaranatha Nadar.]

டிக்கையும் எடுக்கமுன் வாவில்லை. உத்தியோகஸ்டத்திலிருக்கிற உத்தியோகஸ்தர்களானாலும்சரி, கீழ்நிப்பந்திகளானாலும்சரி, யாரானாலும்சரி, எந்த ஜாதி, எந்த மதக்கைச் சார்ந்தவரானாலும்சரி, கைக்கூலி வாங்கினார்கள் என்று கண்டால் அவர்களை அப்படியே வெட்டிமுறித்துவிட வேண்டியது இந்த சர்க்காரானாலும்சரி, எந்த சர்க்காருடைய கடமையாகும். ஒரு நல்ல சர்க்காரானால் அப்படிச் செய்தேதீரும். எனது நண்பர் ஒருவர் சொன்னார், மந்திரிகள் வாங்கினாலும் அவர்கள் பேரிலும் நடவடிக்கை எடுக்கவேண்டுமென்று யாராயிருந்தாலும்சரி அவர்கள் பேரில் உடனடி நடவடிக்கை எடுக்கவேண்டுமென்று நான் அழுத்தமாகச் சொல்லிக்கொள்கிறேன். ஆனால் நமது சர்க்காரின் நடவடி எப்படியென்றால், ஒருவன் செய்கிற குற்றத்திற்காக வேறொருவனைத் தண்டிக்கிறார்கள். அது நியாயமில்லை. அது கடவுளுக்குப் பொறுக்காது. திருவனந்புரம் டிப்போ ஆபீசர் மிர். ராமச்சந்திரன் நாயர் அவர்கள்பேர்ல் எத்தனையோ பாதிவள் வந்திருக்கின்றன, அதைப்பற்றி அவரிடம் கேட்டதற்கு தாம் செய்யவில்லையென்றும், அங்கிருந்த ஒரு கிளார்க்குதான் செய்தார் என்றும் சொல்லிவிட்டார். உண்மையில் குற்றம் செய்தது ராமசந்திரன் நாயர். ஆனால் நிரபராதியான எழை அப்பாவுநாடார் தண்டிக்கப்பட்டார். இதற்குக் காரணம், ராமச்சந்திரன்நாயர் அவர்கள் சங்காப்பிள்ளையவர்களின் மகன். கைக்கூலி வாங்குபவர் யாராயிருந்தாலும்சரி, அவர்கள் தண்டிக்கப்படவேண்டும். மந்திரிகளின் பந்துவென்றோ, உத்தியோகபீடத்தில் இருப்பவர்களின் பந்துவென்றோ பார்க்கக்கூடாது. மிஸ். ஜான்சாம்யூலி பேரில் குற்றங்களுண்டு. அதனால் அவரை வெளியில் தள்ளிவிட்டார்கள், அதனால்தான் டாக்டர் தளியத்து அவர்கள் சர்ஜன்ஜனரல் பீடத்தில் அமர்த்தப்பட்டார்கள் என்றெல்லாம் இங்கு பேசப்பட்டது. இது உண்மதானா என்பதை எனது நண்பர் கனம். பி. டி. சாக்கோ அவர்கள் தயவு செய்து தங்கள் நெஞ்சில் கைவைத்துப் பார்க்கட்டும். அப்படிப் பார்ப்பாரேயானால் அவருக்குத் தெரியும். அனால் என் இந்தயிடத்தில் அப்படிச் சொல்லப்பட்டது என்றால், மந்திரிகளில், டாக்டர் தளியத்து பாதியைச் சேர்ந்த அத்தனேபேரும் அவரது சொந்தக்காரராயிருக்கவேண்டும். இவரைக் காப்பாற்ற இவர்களுக்கு ஒரு கடமையுண்டு. இது சட்டபூர்வமானதாகயில்லை. ஜனநாயக சர்க்காரின் கடமை என்னவென்றால், எவன் எந்த உத்தியோகபீடத்திற்கு நியாயமாகக் கிடைக்க அருகனோ, எவன் எந்த உத்தியோகபீடத்தில் இருக்கிறானோ, அவனை அந்த பீடத்தில் வைக்கவேண்டும். அவன் தமிழன் ஆனாலும்சரி, மலையாளியானாலும்சரி, நியாயத்தை அளிக்கவேண்டும்.

MR. N. D. JOSE: Which minister appointed Miss Samuel.

MR. A. CHIDAMBARANATHA NADAR: Hon'ble Minister Mr. C. Kesavan.

MR. N. D. JOSE: Does the member know any file relating to this.

MR. A. CHIDAMBARANATHA NADAR: I do not know. அழிமதி ஒழிப்புமசோதா ரொம்ப அழகான பேர்தான். ஆனால் கைக்கூலி ஒழிப்புமசோதா என்றிருக்கவேண்டும். வடதிருவாங்கூரில் சகோரியா என்று ஒரு மஜிஸ்

LIBRARY ARCHIVES Kerala Legislative Assembly

ടറേട് ഇരുന്നാർ. അവർ നീതിന്യായം ചെയ്യത് തവറിപ്പിട്ടാർ. എന്നു അവർ പേരിൽ നേരിട്ടടവടിക്കുക എടുക്കപ്പട്ടു, ചിയാനപടി. അവർ പേരിൽ കുറ്റം രുഷവാകാതതിനുൽ അവർ കടെക്കിയാക നാകർനോവിലുക്കു മജിസ്ട്രേട്ടാക മാറ്റപ്പട്ടാർ. വർക്കി എന്നു ഒരു മജിസ്ട്രേട് ഇരുന്നാർ. അപ്പടിയും ഇപ്പടിയും വാങ്കുവാർ. ആനുൽ എപ്പടിപ്പാർത്തിം അവർ പേരിൽ കുറ്റം തെളിവിൽലൈപാം. നാൻ കടെക്കിയാക ചർക്കാരിടമും, മജിസ്ട്രികളിടമും കേട്ടുക്കൊൾവതു. രൊമ്പ വിയമാകക്കേട്ടുക് കൊൾകിറേൻ. നീങ്കൾ ഏതു ചെയ്താലും, നിയായമാക ഇരുക്കവേണ്ടും. ജനനായകചർക്കാരാൽ ചെയ്യപ്പടുവതു ചട്ടപൂർവമാനതാകവും, നിയായമാകവും, കടവുളുക്കുപ്പൊരുത്തമാനതാകവും ഇരുക്കവേണ്ടും. മനിതൻ കണ്കളൈ മറൈക്കലാം. ആനുൽ ആണ്ടവൻ കണ്കളൈ മറൈക്കക്കൂടാതു, മറൈക്കവും മുടിയാതു.

MR. MANNATHU PADMANABHA PILLAI : ഈ ബില്ല കൊണ്ടുവന്നിരിക്കുന്ന മാന്യന്മാരുടെ സദുദ്ദേശത്തെയും അതിന്റെ പിന്നിലുള്ള ആശാഗതിയേയും ഞാൻ വിലമതിക്കുന്നു. എന്നാൽ ഇതിന്റെ അപ്രായോഗികത ഓർത്തു് ഇതു് ഒരു നിഷ്പ്രയോജനകരമായ ബില്ലാണെന്നു വിചാരിച്ചു് വ്യസനിക്കുകയും ചെയ്യുന്നു. ശക്തിമത്തായ പല ഉപദേശിപ്രസംഗങ്ങളും ഇവിടെ നടന്നു. സർ, "ഏട്ടിലപ്പടി വീട്ടിലിപ്പടി" ഇങ്ങനെയാണു് ഈ ബില്ലിൽ ഉണ്ടാക്കിവച്ചിരിക്കുന്ന വ്യവസ്ഥകൾ. കൈക്കൂലിയെ അമർത്തുന്നതിനായിട്ടു ഒരു നിയമം കൊണ്ടുവരുന്നതു. കൈക്കൂലിയെ വളർത്തുന്നതിനു പര്യാപ്തമാകുമെങ്കിൽ അതു പാസായതുകൊണ്ടു് എന്തു പ്രയോജനമാണുണ്ടാകുവാൻ പോകുന്നതെന്നു് മനസ്സിലാകുന്നില്ല. ഇതിനു മുൻപു് ഈ രാജ്യം ഭരിച്ചിരുന്നതു് വിദേശികളായ ബ്രിട്ടീഷുകാരാണു്. അവർക്കു് ഈ രാജ്യത്തോടു് ഒരു ബന്ധവും ഇല്ലായ്മയുമൂലം കൈക്കൂലിയും അഴിമതിയും വർദ്ധിച്ചുവെന്നു വിചാരിക്കാം. ഇപ്പോഴാണെങ്കിൽ ജനകീയമന്ത്രിമാരാണു്. നമ്മുടെ തന്നെ ആളുകളാണു് നമ്മെ ഭരിക്കുന്നതു്. ഈ ഭരിക്കുന്ന മന്ത്രിമാർ ആറുപേരുടെയും ഭരണം ശുദ്ധവും ശക്തവും നിഷ്പക്ഷവും ആയിരുന്നാൽ അഴിമതി ഈ രാജ്യത്തുണ്ടാകുമോ എന്നാണു് ഞാൻ ചോദിക്കുന്നതു്. കൈക്കൂലിനിരോധത്തിനു ഒരു ഉദ്യോഗസ്ഥനെയോ, ഉദ്യോഗസ്ഥന്മാരെയോ നിയമിച്ചാൽ അവരെ നിയന്ത്രിക്കുന്നതിനു് വേറെ ചില ഉദ്യോഗസ്ഥന്മാരെക്കൂടി നിയമിക്കേണ്ടതായി വരും. ജനങ്ങളുടെ ഇടയിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ടു വന്ന മന്ത്രിമാർ ഇവിടെ എന്തുകൊണ്ടു് അഴിമതി അവസാനിപ്പിക്കുന്നില്ല. ആവശ്യമുള്ള നിയമം ഇല്ലാഞ്ഞിട്ടാണോ. അല്ല, പൊതുജനങ്ങളുടെ ഇടയിൽ ഉണ്ടാകുന്ന സകല പരാതികൾക്കും ഉത്തരവാദി ഇവർ തന്നെയാണു്. നാം തെരഞ്ഞെടുത്താണു് ഇവരെ മന്ത്രി

LIBRARY ARCHIVES Kerala Legislative Assembly

[Mr. Mannathu Padmanabha Pillai].

യാക്കിയിട്ടുള്ളതു്. ഇന്നത്തെ സാഹചര്യത്തിൽ സ്വഭാവശുദ്ധിയും സംസ്കാരവും ധൈര്യവും ഇല്ലാത്ത ഏതൊരാളെ മന്ത്രിയാക്കി അവരോധിച്ചാലും നിഷ്പക്ഷനിലയിൽ ഭരണം നടത്തിക്കൊണ്ടുപോകാൻ സാധിക്കയില്ല. മന്ത്രിമാർ മാത്രമല്ല വീഴ്ചക്കാർ. അവരെ ചുറ്റുന്ന എം. എൽ. എ. മാരാണു്. മന്ത്രിമാരുടെ ചുറ്റംകൂട്ടുന്ന എം. എൽ. എ. മാരെകൊണ്ടു് ഇവക്കു് നിവൃത്തിയില്ലാത്ത പതനം വരെ എത്തിയിട്ടുണ്ടെന്നു പറയാതിരിക്കാൻ നിവൃത്തിയില്ല. ജാതിമതചിന്ത വെടിഞ്ഞു് രാജ്യസ്നേഹത്തെ മുൻനിറുത്തി സ്വമനം അനുഷ്ഠിക്കാൻ കഴിയുന്ന ഏതൊരു ഗവണ്മെൻറിനും കൈക്കുലി മാത്രമല്ല, അഴിമതി തുടങ്ങിയ ഏതുതരം ബാധകളെയും പാടെ നിർമ്മാർജ്ജനം ചെയ്യാൻ സാധിക്കുമെന്നുള്ളതാണു്. ഈ ബില്ലിൽ സാധാരണജനങ്ങൾക്കു് ആശ്വാസമുണ്ടാകത്തക്കവണ്ണം ഏതെങ്കിലും വ്യവസ്ഥകൾ ഉണ്ടാക്കിയതിൽ പിന്നീടുവേണം ഇതു് ഈ സഭയിൽ അവതരിപ്പിക്കാൻ. എന്റെ രണ്ടുമൂന്നു സ്നേഹിതന്മാർ ഇതിലേക്കു ചില നിർദ്ദേശങ്ങൾ പ്രസ്താവിക്കയുണ്ടായി. അതിൽ ഏതെങ്കിലുമോ അല്ലെങ്കിൽ ഗവണ്മെൻറു സ്വമനസ്സാലെ ഏതെങ്കിലും ഭേദഗതി കണ്ടുപിടിച്ചോ ബില്ലിനെ പൊതുജനങ്ങൾക്കു് ഉപകാരപ്രദമാക്കത്തക്കവണ്ണവും അഴിമതി നശിക്കത്തക്കവണ്ണവും രൂപകരിക്കേണ്ടതാണെന്നുകൂടി ഉൽബോധിപ്പിച്ചുകൊള്ളുന്നു.

HON'BLE MR. A. J. JOHN : സർ, അഴിമതിനിരോധനബില്ലിന്റെ തത്വത്തോടു് എല്ലാ ബഹുമാനപ്പെട്ട മെമ്പറന്മാരും യോജിച്ചിരിക്കയാണു് ചെയ്യുന്നതു്. സെൻട്രൽ അസംബ്ലിയിൽ ഫർ ർ-ലെ ക-ാം ആക്ടനുസരിച്ചും, മൈസൂർ നിയമസഭയിലെ അഴിമതിനിരോധന ബിൽ അനുസരിച്ചുമാണു് ഈ ബിൽ ഇവിടെ കൊണ്ടുവന്നിട്ടുള്ളതു്. ഇതിൽ എന്തെങ്കിലും ഭേദഗതി ആവശ്യമാണെന്നു കാണുന്നപക്ഷം, അപ്രകാരം ചെയ്യാവുന്നതാണു്. ഈ ബില്ലിനെപ്പറ്റി പല ബഹുമാനപ്പെട്ട മെമ്പറന്മാരും ചർച്ചചെയ്ത കൂട്ടത്തിൽ മി. മാന്നാർ ഗോപാലൻ നായർ പറയുകയുണ്ടായി, ഈ ബില്ലിൽ 'പബ്ലിക്കുസർവൻറു' എന്നു് ഉപയോഗിച്ചിരിക്കുന്ന പദം, സാധാരണ ജനങ്ങളുടെ ഇടയിൽ 'ഗവണ്മെൻറു സർവൻറു്' എന്ന വ്യാഖ്യാനമാണു് ഉണ്ടാകുന്നതെന്നും അതുകൊണ്ടു് ആ പദം മാറ്റേണ്ടതാണെന്നുമാണു്. ഈ ബില്ലിന്റെ ഫ്രെ-ാംവർക്കിൽ പബ്ലിക്കു് സർവൻറു് എന്നു പറഞ്ഞിരിക്കുന്നതിന്റെ അർത്ഥം, ഉദ്യോഗസ്ഥനെന്നോ ഉദ്യോഗസ്ഥാംഗങ്ങൾ എന്നാണു്. അതല്ലാതെ പബ്ലിക്കു് സർവൻറു എന്നു പറഞ്ഞാൽ അതു ഗവണ്മെൻറുസർവൻറു

LIBRARY ARCHIVES Kerala Legislative Assembly

മാത്രമാകയില്ലെന്നാണ് എനിക്കു പറയാനുള്ളത്. ഇതു, അതുകൊണ്ടു പാസാകുന്നതുകൊണ്ട് യാതൊരു ഗുണവുമില്ലെന്നു ബഹുമാനപ്പെട്ട മെമ്പർ മിസ്റ്റർ രാമചന്ദ്രനും, മിസ്റ്റർ മന്ദത്തു പത്മനാഭപിള്ളയും ഇവിടെ പറകയുണ്ടായി, അതിനു എനിക്കു പറയാനുള്ള സമാധാനം ഇതാണ്. ഈ ബിൽ പാസാകുന്നതുകൊണ്ടു ചൊല്ലു ജനങ്ങൾക്ക് ഉപകാരമാണോ, അതോ ഉപദ്രവമാണോ എന്നുള്ളതിനെപ്പറ്റി നല്ലവണ്ണം ചിന്തിക്കയും പഠിക്കയും ചെയ്യുന്നതിന്റെ ഫലമായിട്ടാണ് ഈ ബിൽ ഇവിടെ അവതരിപ്പിക്കപ്പെട്ടിരിക്കുന്നതു് അതനുസരിച്ചു് അടിസ്ഥാനരഹിതമായ ഏതുതരം [illegible]കളേയും, വാദമുഖങ്ങളേയും അവഗണിച്ചു് ബിൽ പാസാക്കി എടുക്കാനുള്ള ധൈര്യവും തന്റേടവും ഇന്നത്തെ ഗവണ്മെന്റിനു് ഉണ്ടെന്നുള്ള വസ്തുതയുംകൂടി ഞാൻ ഈ അവസരത്തിൽ പ്രസ്താവിച്ചുകൊള്ളട്ടെ.

ഏതെങ്കിലും ഉദ്യോഗസ്ഥനെപ്പറ്റിയോ, അനുദ്യോഗസ്ഥനെപ്പറ്റിയോ അഴിമതി സംബന്ധിച്ചുള്ള ആരോപണങ്ങൾ, ഏതു ഉയർന്ന നിലയിലുള്ള ഒരു വ്യക്തിതന്നെ കൊണ്ടുവന്നാലും ശരി, അതിനെപ്പറ്റി ഗവണ്മെൻറിനു ശരിയായ തെളിവു കിട്ടാതെ, ഗവണ്മെൻറിനു ബോധ്യംവരാതെ യാതൊരു നടപടിയും നടത്തുകയില്ലെന്നുകൂടി പ്രസ്താവിച്ചുകൊള്ളുന്നു.

സർ, ഈ ബില്ലിൽ ഏതാനും ചില ഭേദഗതി വരുത്തേണ്ടിയിരിക്കുന്നതിനാൽ താഴെ പറയുന്ന അംഗങ്ങളടങ്ങിയ ഒരു സെലക്ട് കമ്മിറ്റിക്കു അയച്ചുകൊടുക്കണമെന്നും അതിലെ കോറം നാലായിരിക്കണമെന്നും ഞാൻ അഭിപ്രായപ്പെട്ടുകൊള്ളുന്നു.

Messrs: Chellaswami Nadar
K. Ramakrishna Pillai
Cherian J Kappan
Albert Lopez
Ramakrishnan Achari
Philipose Muthalali
N. S. Kochukunju
T. A. Mytheen Kunju
Ponnara Sridhar
S. Nilakanta Iyer
M. Govindan

The motion was put and carried.

HON'BLE MR. A. J. JOHN: Sir, I move that Standing Order 35 be suspended for the time being and suggest that the Committee proposed may consider the bill within a month from now and submit their report.

The motion was put and carried.

LIBRARY ARCHIVES Kerala Legislative Assembly